# ആരോഗ്യ കേരളം

arogyakeralam newsletter

March 2026

Follow us on

arogyakeralam.gov.in


# ജീവന്റെ ജീവൻ





പത്തുമാസത്തെ
ജീവിതത്തിനു ശേഷം
5 പേരിലേക്ക് ജീവൻ വച്ചു നീട്ടി
ആലിൻ ഷെറിൻ എബ്രഹാം മടങ്ങി.
മാനവികത അവശേഷിക്കുന്നിടത്തോളം
മനുഷ്യമനസ്സുകളിൽ ജീവിക്കാനുള്ളതെല്ലാം
ബാക്കി വച്ചുള്ള മടക്കം...



# ഓർത്തെടുക്കാം

## സർക്കാർ ആശുപത്രികളിൽ നമ്മൾ അനുഭവിച്ചറിഞ്ഞ മാറ്റങ്ങൾ

ചരിത്രത്തിലെ ഏറ്റവും വലിയ വികസനം

ആശുപത്രിയിലെ നൂതന ചികിത്സാ സൗകര്യങ്ങൾ, കൂടുതൽ സമയം ഡോക്ടറുടെ സേവനവും മരുന്നുകളുടെ ലഭ്യതയും...

കിഫ്ബിയിലൂടെ 10,000 കോടിയിലധികം രൂപയുടെ വികസനം
നബാർഡിലൂടെ 1000 കോടിയിലധികം രൂപയുടെ വികസനം

## 113 ആരോഗ്യ സ്ഥാപനങ്ങൾ

### തിരുവനന്തപുരം

ചിറയിൻകീഴ് താലൂക്ക് ആശുപത്രി – 70.72 കോടി
പാറശാല താലൂക്ക് ആശുപത്രി – 46.86 കോടി
മലയിൻകീഴ് താലൂക്ക് ആശുപത്രി – 23.31 കോടി
നെടുമങ്ങാട് ജില്ലാ ആശുപത്രി – 89.46 കോടി
മാനസികാരോഗ്യ കേന്ദ്രം – 90.15 കോടി
വർക്കല താലൂക്ക് ആശുപത്രി – 45.95 കോടി
തിരുവനന്തപുരം ജനറൽ ആശുപത്രി – 207.35 കോടി
ശാന്തിവിള താലൂക്ക് ആശുപത്രി – 22.24 കോടി (നബാർഡ്)
പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി 19.43 കോടി (നബാർഡ്)

### കൊല്ലം

കുണ്ടറ താലൂക്ക് ആശുപത്രി – 76.13
കൊട്ടാരക്കര താലൂക്ക് ആശുപത്രി – 90.5 കോടി
കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി – 90 കോടി
നീണ്ടകര താലൂക്ക് ആശുപത്രി – 46.43 കോടി
ജില്ലാ ആശുപത്രി കൊല്ലം – 104.48 കോടി
ഗവ. വിക്ടോറിയ ആശുപത്രി – 109 കോടി

### പത്തനംതിട്ട

പത്തനംതിട്ട ജനറൽ ആശുപത്രി 22.17 കോടി (നബാർഡ്)
ക്രിട്ടിക്കൽ കെയർ ബ്ലോക്ക് – 23.75 കോടി
അടൂർ ജനറൽ ആശുപത്രി – 14.64 കോടി
കോഴഞ്ചേരി ജില്ലാ ആശുപത്രി – 30.25 കോടി
റാന്നി താലൂക്ക് ആശുപത്രി – 17.1 കോടി
മല്ലപ്പള്ളി താലൂക്ക് ആശുപത്രി – 50.45 കോടി

### ആലപ്പുഴ

ജനറൽ ആശുപത്രി ആലപ്പുഴ – 117 കോടി
ചെങ്ങന്നൂർ ജില്ലാ ആശുപത്രി – 97.71 കോടി
തുറവൂർ താലൂക്ക് ആശുപത്രി – 51.4 കോടി
മാവേലിക്കര ജില്ലാ ആശുപത്രി – 126.55 കോടി
കായംകുളം താലൂക്ക് ആശുപത്രി – 64.7 കോടി
ചേർത്തല താലൂക്ക് ആശുപത്രി – 84.98 കോടി
ചെട്ടിക്കാട് താലൂക്ക് ആശുപത്രി – 118.5 കോടി

### കോട്ടയം

ജനറൽ ആശുപത്രി കോട്ടയം 219.9 കോടി
വൈക്കം താലൂക്ക് ആശുപത്രി – 95.37 കോടി
കുറവിലങ്ങാട് താലൂക്ക് ആശുപത്രി – 33.34 കോടി
പാമ്പാടി താലൂക്ക് ആശുപത്രി – 2.30 കോടി
ജനറൽ ആശുപത്രി ചങ്ങനാശ്ശേരി – 80.41 കോടി

### ഇടുക്കി

അടിമാലി താലൂക്ക് ആശുപത്രി – 12.37 കോടി
പീരുമേട് താലൂക്ക് ആശുപത്രി – 42.02 കോടി
നെടുങ്കം താലൂക്ക് ആശുപത്രി – 149 കോടി
കട്ടപ്പന താലൂക്ക് ആശുപത്രി – 13.71 കോടി
മൂന്നാർ താലൂക്ക് ആശുപത്രി – 78.25 കോടി

### എറണാകുളം

എറണാകുളം ജനറൽ ആശുപത്രി– 76.5 കോടി
കൊതമംഗലം താലൂക്ക് ആശുപത്രി – 11.21 കോടി
മഹാരാജാസ് താലൂക്ക് ആശുപത്രി – 54.45 കോടി
തൃപ്പുണ്ണിത്തുറ താലൂക്ക് ആശുപത്രി – 10 കോടി (നബാർഡ്)
അങ്കമാലി താലൂക്ക് ആശുപത്രി – 6.26 കോടി (നബാർഡ്)

### തൃശൂർ

ചാലക്കുടി താലൂക്ക് ആശുപത്രി 4.10 കോടി (നബാർഡ്)
പുതുക്കാട് താലൂക്ക് ആശുപത്രി – (നബാർഡ്)
ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രി 12 കോടി (നബാർഡ്)
കുന്നംകുളം താലൂക്ക് ആശുപത്രി – 97.11 കോടി
മെന്റൽ ഹെൽത്ത് സെന്റർ – 96.37 കോടി
ചാവക്കാട് താലൂക്ക് ആശുപത്രി 10.80 കോടി (നബാർഡ്)

### പാലക്കാട്

ജില്ലാ ആശുപത്രി പാലക്കാട് –127.15 കോടി
ചിറ്റൂർ താലൂക്ക് ആശുപത്രി – 70.51 കോടി
ഒറ്റപ്പാലം താലൂക്ക് ആശുപത്രി – 13.62 കോടി
ആലത്തൂർ താലൂക്ക് ആശുപത്രി – 16.07 കോടി
മണ്ണാർക്കാട് താലൂക്ക് ആശുപത്രി – 12.27 കോടി
പട്ടാമ്പി താലൂക്ക് ആശുപത്രി – 15.52 കോടി
എലപ്പുള്ളി താലൂക്ക് ആശുപത്രി 17.50 കോടി (നബാർഡ്)

### മലപ്പുറം

കൊണ്ടോട്ടി താലൂക്ക് ആശുപത്രി –36.19 കോടി
ജനറൽ ആശുപത്രി തൃശൂർ – 184.4 കോടി
കുറ്റിപ്പുറം താലൂക്ക് ആശുപത്രി 17.85 കോടി രൂപ (നബാർഡ്)
തിരൂരങ്ങാടി താലൂക്ക് ആശുപത്രി – 13.65 കോടി
തിരൂർ ജില്ലാ ആശുപത്രി – 45.9 കോടി
പെരിന്തൽമണ്ണ താലൂക്ക് ആശുപത്രി – 11.9 കോടി
നിലമ്പൂർ താലൂക്ക് ആശുപത്രി – 9.38 കോടി
പൊന്നാനി താലൂക്ക് ആശുപത്രി – 10.89 കോടി
മലപ്പുറം ജില്ലാ ആശുപത്രി – 33.70 കോടി (നബാർഡ്)

### കോഴിക്കോട്

ജനറൽ ആശുപത്രി കോഴിക്കോട് – 164–16 കോടി
ഫറൂഖ് താലൂക്ക് ആശുപത്രി – 23.55 കോടി
ബാലുശ്ശേരി താലൂക്ക് ആശുപത്രി – 21.32 കോടി
കുറ്റ്യാടി താലൂക്ക് ആശുപത്രി 28.50 കോടി (നബാർഡ്)
പേരാവൂർ താലൂക്ക് ആശുപത്രി – 77.43 കോടി
കൊയിലാണ്ടി താലൂക്ക് ആശുപത്രി – 30.05 കോടി
കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രം –28 കോടി (നബാർഡ്)




# പത്തരമാറ്റുള്ള 10 വർഷങ്ങൾ

## ആരോഗ്യമേഖലയിലെ മാറ്റങ്ങൾ

കാസറഗോഡ്: ജില്ലയിലെ സമഗ്ര ആരോഗ്യ വികസനം ലക്ഷ്യമിട്ട് സർക്കാർ നിരവധി പദ്ധതികൾക്ക് തുടക്കമിട്ടു. കാസറഗോഡ് മെഡിക്കൽ കോളജിന്റെ അടിസ്ഥാന സൗകര്യ വികസനം, ജില്ലയുടെ ചിരകാല സ്വപ്നമായ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം, ജില്ലാ ജനറൽ ആശുപത്രികളിൽ നടപ്പിലാക്കിയ വിദഗ്ധ ചികിത്സാ സേവനങ്ങൾ, നവകേരളകർമ്മ പദ്ധതി ആർദ്രം മിഷനിലൂടെ നടപ്പിലാക്കിയ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ നവീകരണവും ചികിത്സാ സംവിധാനങ്ങളും എന്നിവ പ്രധാന പ്രവർത്തനങ്ങളാണ്

### നിർണായക ചുവടുമായി കാസറഗോഡ് മെഡിക്കൽ കോളേജ്

കാസറഗോഡ് ഗവഃ മെഡിക്കൽ കോളജിൽ ഘട്ടം ഘട്ടമായി ദേശീയ മെഡിക്കൽ കമ്മീഷൻ നിഷ്കർഷിക്കുന്ന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളെല്ലാം ഒരുക്കി ദേശീയ അനുമതി ലഭ്യമാക്കി. 50 വിദ്യാർഥികൾക്ക് എം.ബി.ബി.സ് അഡ്മിഷനും നല്കി. കൂടാതെ കിഫ്ബിയിലൂടെ 160 കോടി രൂപ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുവദിക്കുകയും ചെയ്തു. പ്രിൻസിപ്പാൾ, അധ്യാപകർ തസ്തിക സൃഷ്ടിക്കുകയും 60 സീറ്റുകളോട് കൂടി നഴ്സിങ് കോളേജ് ആരംഭിക്കുകയും ചെയ്തു. കാസറഗോഡ് വികസന പാക്കേജിൽ 36 കോടി രൂപ ചിലവഴിച്ചു ലേഡീസ് ഹോസ്റ്റൽ, ടീച്ചിങ് ക്വാർട്ടേഴ്സ് എന്നിവക്ക് തറക്കലിടുകയും നിർമാണം പൂർത്തിയാക്കുകയും ചെയ്തു.

### വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തി ജില്ലാ ജനറൽ ആശുപത്രികൾ

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നവജാതശിശുകൾക്ക് പ്രത്യേക പരിചരണം നൽകുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം മുഖേന 50 ലക്ഷം രൂപ ഉപയോഗിച്ച് ആധുനിക നിലവാരത്തിൽ നിർമ്മിച്ച സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. കാസറഗോഡ് വികസന പാക്കേജിലൂടെ അനുവദിച്ച 1.50 കോടി രൂപ വിനിയോഗിച്ചു കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സി എസ് എസ് ഡി (Central Sterile Supply Department) സജ്ജീകരിച്ചു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ECRP യിലൂടെ 36 ലക്ഷം രൂപ ഉപയോഗിച്ച് പീഡിയാട്രിക് വാർഡ് സജ്ജമാക്കി.

കാർഡിയോളജി, ന്യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഇ ഇ ജി മെഷീൻ സേവനവും ആരംഭിച്ചു.

കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഇ സി ആർ പി യിലൂടെ 63 ലക്ഷം രൂപ ഉപയോഗിച്ച് കുട്ടികൾക്ക് സ്പെഷ്യൽ പരിചരണം നൽകുന്ന എസ് എൻ സി യു, അമ്മക്കും കുഞ്ഞിനുമുള്ള വാർഡുകൾ ഉൾപ്പെടയുള്ള പീഡിയാട്രിക് യൂണിറ്റ് സജ്ജീകരിച്ചു പ്രവർത്തനമാരംഭിച്ചു. 5 ഓക്സിജൻ ബെഡുക്കളും, 4 എച് ഡി യൂ, 2 ഐ സി യു ബെഡ്ഡുകളും ഇവിടെ സജ്ജമാണ്

കാസറഗോഡ് ജനറൽ ആശുപത്രിയിൽ നബാർഡിൽ ഉൾപ്പെടുത്തി 7 കോടി രൂപയും, കാസറഗോഡ് വികസന പാക്കേജിൽ 3 .5 കോടി രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ ഐ.പി കെട്ടിടത്തിന്റെ പ്രവർത്തി പുരോഗമിക്കുന്നു

### ഹൃദയപൂർവം കാത്ത് ലാബ്

കേരള സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ അനുവദിച്ച 8 കോടി രൂപ വിനിയോഗിച്ചു കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ആധുനിക സൗകര്യത്തോടു കൂടി കാത്‌ലാബ് സജ്ജീകരിച്ചു. ആഞ്ജിയോഗ്രാം ആന്ജിയോപ്ലാസ്റ്റി എന്നീ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. 7 ബെഡോടുകൂടിയുള്ള സി സി യു ഇവിടെ ലഭ്യമാണ്

### ജനകീയമാകുന്ന ജനകീയ ആരോഗ്യകേന്ദ്രങ്ങൾ

ജനകീയ ആരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നതിലൂടെ ഗുണ നിലവാരമുള്ള പ്രാഥമിക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി കാസറഗോഡ് ജില്ലയിൽ 247 സബ് സെന്ററുകളാണ് നിലവിലുള്ളത്. സ്വന്തമായി കെട്ടിടമുള്ള സബ് സെന്ററുകൾക്ക് ദേശീയ ആരോഗ്യ ദൗത്യം മുഖേന അനുവദിച്ച 7 ലക്ഷം ഉപയോഗിച്ച് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ഡിജിറ്റൽ സൗകര്യമാക്കുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ലഭ്യമാക്കി. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സെന്ററുകൾ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ സ്വന്തമായി സ്ഥലം കണ്ടെത്തിയാൽ കെട്ടിടം നിർമിക്കാനായുള്ള തുക ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിലൂടെ ലഭ്യമാക്കും. കൂടാതെ ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ എന്നിവർ കൂടാതെ നഴ്സിംഗ് തസ്തികയിലുള്ള മിഡ് ലെവൽ സർവീസ് പ്രൊവിഡസിനെയും നിയമിച്ചിട്ടുണ്ട്.

### ആരോഗ്യം ഈസിയാക്കി നഗരാരോഗ്യകേന്ദ്രങ്ങൾ

കാസറഗോഡ് ജില്ലയിൽ മൂന്ന് നഗരസഭകളിലുമായി കാസറഗോഡ്, നീലേശ്വരം, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഇ സെന്ററുകൾ പ്രവൃത്തിക്കുന്നു. ദിവസേന ഒരു മണി മുതൽ 7 മണി വരെയുള്ള ഓ പി സേവനം, തിരഞ്ഞെടുക്കപ്പെട്ട ദിവസനങ്ങളിലെ സ്പെഷിലിറ്റി ഡോക്ടർമാരുടെ സേവനങ്ങൾ, ലബോറോട്ടറി, ഫാർമസി, ഡെന്റൽ വിഭാഗം, അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിരക്ഷ, ഫീൽഡ് തല രോഗപ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ ഈ കേന്ദ്രങ്ങൾ വഴി നടത്തിവരുന്നു. കൂടാതെ ഇ സഞ്ജീവനി പദ്ധതിയിലൂടെ എല്ലാ സ്പെഷ്യൽറ്റി, സൂപ്പർ സ്പെഷ്യൽറ്റി ഓൺലൈൻ കൺസൾറ്റേഷൻ സംവിധാനവും ഒരുക്കീട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ മൂന്ന് കേന്ദ്രങ്ങളുടെ കീഴിലായി മൂന്ന് വീതം 9 ജനകീയ ആരോഗ്യ കേന്ദ്രങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്. ഈ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർമാർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ചെയ്തു. ഉച്ചക്ക് 12 മണി മുതൽ വെകുന്നേരം 6 മാണി വരെ യാണ് ഇതിന്റെ പ്രവർത്തനം. ജില്ലയിലെ നഗരപ്രേദശങ്ങളിലെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിൽ സെന്ററുകൾ പ്രവർത്തിക്കുന്നതിനാൽ ജനങ്ങൾക്ക് പ്രാഥമിക ആരോഗ്യ പരിരക്ഷ പ്രേത്യേകിച്ചും വൈകുന്നേരങ്ങളിൽ ഉറപ്പുവരുത്താനാകും. ആരോഗ്യപരിരക്ഷ അവരുടെ തൊട്ടടുത്ത് നൽകുക എന്നതാണ് നാഗരാരോഗ്യ ദൗത്യത്തിലൂടെ ലക്ഷ്യമിടുന്നത്. നഗരത്തിൽ വസിക്കുന്നവരുടെ തിരക്കേറിയ ജീവിതരീതിയിൽ രാത്രി വരെയുള്ള ആരോഗ്യസേവനം ഉരുപാട് ആശ്വാസമാകും

### ആരോഗ്യകേന്ദ്രങ്ങളുടെ മുഖച്ഛായ മാറ്റിയ ആർദ്രം പദ്ധതി

കേരളത്തിൽ പ്രാഥമിക ആരോഗ്യ മേഖലയിലെ സുപ്രധാന ചുവടുവെപ്പായിരുന്നു പ്രഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്ന ആർദ്രം പദ്ധതി. ജില്ലയിലെ 35 ആരോഗ്യകേന്ദ്രങ്ങളെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വൈകുന്നേരം വരെയുള്ള ഓ.പി സേവനങ്ങൾ ഉറപ്പുവരുത്തി ഇത്തരത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയത് .

























# വികസന കുതിപ്പിൽ കണ്ണൂരിലെ ആരോഗ്യരംഗം

കണ്ണൂർ: ആരോഗ്യ മേഖലയിൽ കണ്ണൂർ ജില്ല വലിയ മുന്നേറ്റം കുറിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതി മുഖേന 82 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതോടെ പ്രാഥമികാരോഗ്യ സേവനം കൂടുതൽ ശക്തമായി. കഴിഞ്ഞ 5 വർഷക്കാലത്തിനുള്ളിൽ മാത്രം 14 പുതിയ കേന്ദ്രങ്ങൾ കൂടി പ്രവർത്തനം തുടങ്ങി.

താലൂക്ക് ആശുപത്രികളിൽ പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെ വൻ അടിസ്ഥാന വികസന സൗകര്യങ്ങൾ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് കണ്ണൂരിന്റെ താലൂക്ക് മേഖലകളിൽ നടത്തിയത്. പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ 104 കോടി രൂപ ചെലവിൽ ഏഴ് നിലകളുള്ള പുതിയ കെട്ടിടവും, ആധുനിക സ്കാനിംഗ് സെന്ററും പൂർത്തിയാകുമ്പോൾ കണ്ണൂരിലെ മാത്രമല്ല അതിർത്തി ജില്ലകളിൽ നിന്നുള്ള ആളുകൾക്ക് ഉൾപ്പെടെ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിഞ്ഞു. സമാനതകളില്ലാത്ത വികസന പ്രവർത്തനമാണ് കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലും ഉണ്ടായത്. ആശുപത്രിയുടെ 12 നിലകളുള്ള പുതിയ കെട്ടിടം പ്രദേശത്തെ ആരോഗ്യമേഖലയുടെ കുതിപ്പിന് വലിയ തോതിൽ സഹായിച്ചു. ഇതോടൊപ്പം പഴയങ്ങാടി, ഇരിട്ടി, തളിപ്പറമ്പ് എന്നിവിടങ്ങളിൽ പുതിയ ബ്ലോക്കുകൾ, ലേബർ റൂമുകൾ, ഐസിയു, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവയും പ്രവർത്തനം ആരംഭിച്ചു.

## സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യത്തിന് പ്രത്യേക ശ്രദ്ധ

മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇ–ഹെൽത്ത് സംവിധാനം ആരംഭിച്ചു. കാഷ്വാലിറ്റി വിപുലീകരണത്തിനായി 1.50 കോടി രൂപയുടെ ഭരണാനുമതി കൂടി ലഭ്യമായിട്ടുണ്ട്.

## തലശ്ശേരി ജനറൽ ആശുപത്രി ആധുനിക സേവനങ്ങൾ

ലക്ഷ്യ സ്റ്റാൻഡേർഡിലുള്ള ലേബർ റൂം, കുട്ടികളുടെ ഐസിയു എന്നിവ പ്രവർത്തനസജ്ജമായി. സംസ്ഥാന തലത്തിൽ ആദ്യമായി ജനറൽ ആശുപത്രി തലത്തിൽ അവയവദാന ശസ്ത്രക്രിയയും ഇവിടെ നടന്നു. വർധിച്ചുവരുന്ന രോഗി പ്രവേശനത്തെ പരിഗണിച്ച്, വിശാലവും ആധുനികവുമായ സംവിധാനങ്ങളോടെ പുതിയ കാഷ്വാലിറ്റി ബ്ലോക്ക് സജ്ജമാക്കി.

## ജില്ലാ ആശുപത്രി: സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം

സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് 2025ൽ ഉദ്ഘാടനം ചെയ്തു. കാത്ത് ലാബ്, മാമ്മോഗ്രാം, ട്രോമാ കെയർ ഉൾപ്പെടെ നിരവധി സേവനങ്ങൾ ലഭ്യമാകുന്നു.

## മെഡിക്കൽ കോളേജും ലാബ് സംവിധാനവും ശക്തം

കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ക്രിട്ടിക്കൽ കെയർ ബ്ലോക്കും നവീകരണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ജില്ലയിലുടനീളം ജനകീയാരോഗ്യ കേന്ദ്രങ്ങളും നഗര ജനകീയാരോഗ്യ കേന്ദ്രങ്ങളും താഴെ തട്ടിൽ ആരോഗ്യ സേവനം ഉറപ്പാക്കുന്നു. ജില്ലയിലെ 11 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. 134 അത്യാധുനിക ഡയാലിസിസ് മെഷീനുകളിലൂടെ, വൃക്കരോഗ ചികിത്സയും ഇന്ന് സർക്കാർ മേഖലയിൽ തന്നെ ഉറപ്പാക്കിയിരിക്കുന്നു. റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ് ഇന്റഗ്രേറ്റഡ് ലാബായി ഉയർത്തി പുതിയ പരിശോധനകൾ ആരംഭിച്ചു.

## പ്രാഥമിക–നഗരാരോഗ്യ ശൃംഖല വിപുലീകരണം

ഹെൽത്ത് & വെൽനസ് സെന്ററുകൾ, യു.പി.എച്ച്.സി, അർബൻ ഹെൽത്ത് സെന്ററുകൾ എന്നിവ വഴി നഗര–ഗ്രാമ മേഖലകളിൽ സേവനം വ്യാപിച്ചു.

*41 സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം, ഡി.ഇ.ഐ.സി വഴി 12,000–ത്തിലധികം കുട്ടികൾക്ക് ചികിത്സ, 'ഹൃദ്യം' പദ്ധതിയിൽ 724 ഹൃദയ ശസ്ത്രക്രിയകൾ എന്നിവ പൂർത്തിയാക്കി.*

അടിസ്ഥാന സൗകര്യ വികസനവും പ്രത്യേക ചികിത്സാ സേവനങ്ങളും കൂട്ടിച്ചേർന്ന് കണ്ണൂർ ജില്ല ആരോഗ്യരംഗത്ത് സമഗ്ര പുരോഗതിയുടെ മാതൃകയായി മാറുകയാണ്.










മലയോരത്തിന് കരുത്തായി കെട്ടിടം

# പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് പുതിയ മുഖം



കണ്ണൂർ: മലയോര മേഖലയിലെ ആരോഗ്യസൗകര്യങ്ങൾക്ക് കരുത്താകാൻ പോകുന്ന പെരിങ്ങോം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം ഉദ്ഘാടനത്തിനൊരുങ്ങുന്നു. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രി പെരിങ്ങോംവയക്കര, ചെറുപുഴ, കങ്കോൽ ആലപ്പടമ്പ, എരമംകുറ്റൂർ, കടന്നപ്പള്ളിപാണപ്പുഴ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ആയിരക്കണക്കിന് ജനങ്ങളുടെ ആശ്രയകേന്ദ്രമാണ്.

1976–ൽ ഗവണ്മെന്റ് റൂറൽ ഡിസ്പെൻസറിയായി ആരംഭിച്ച ആശുപത്രി, 2008 നവംബറിൽ സി.എച്ച്.സിയായും 2011 മാർച്ചിൽ താലൂക്ക് ആശുപത്രിയായി മാറുകയും ചെയ്തു. 2021 ഫെബ്രുവരി 2–ന് തറക്കല്ലിട്ട പദ്ധതിയാണ് ഇപ്പോൾ യാഥാർഥ്യത്തിലേക്ക് കടക്കുന്നത്. ബേസ്മെന്റും ഗ്രൗണ്ട് ഫ്ളോറും ഉൾപ്പെടുന്ന പുതിയ കെട്ടിടത്തിൽ ജനറൽ ഒ.പി, പീഡിയാട്രിക് ഒ.പി, ഗൈനക് ഒ.പി, ഡെന്റൽ ഒ.പി, കാഷ്വാലിറ്റി, ഒപ്റ്റോമെട്രിസ്റ്റ് റൂം, ഫാർമസി, ലാബ് തുടങ്ങി അടിസ്ഥാന ചികിത്സാ വിഭാഗങ്ങൾ എല്ലാം സജ്ജമാക്കിയിട്ടുണ്ട്. പരിമിതികൾ മറികടന്ന് കൂടുതൽ കാര്യക്ഷമമായ സേവനം നൽകാൻ കഴിയുന്ന രീതിയിലാണ് സൗകര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

### തിരക്കേറിയ ഒ.പി, ആത്മാർത്ഥ സേവനം

നിലവിൽ പ്രവർത്തിക്കുന്ന ആശുപത്രിയിൽ പ്രതിദിനം ഏകദേശം 400 പേർ ഒ.പി വിഭാഗത്തിൽ ചികിത്സ തേടുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ കുറവിനിടയിലും ജീവനക്കാരുടെ സമർപ്പിത സേവനമാണ് ആശുപത്രിയുടെ കരുത്തായി നില കൊള്ളുന്നത്.

കെട്ടിടത്തിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തിയായി. ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതോടെ മലയോര ജനതയുടെ ആരോഗ്യരംഗത്ത് പുതിയ അധ്യായം തുറക്കാനൊരുങ്ങുകയാണ് പെരിങ്ങോം താലൂക്ക് ആശുപത്രി.

ആരോഗ്യസേവനങ്ങളിൽ

# പുതിയ അധ്യായം കുറിച്ച് പുഴാതി

കണ്ണൂർ : സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി കണ്ണൂർ നഗരപരിധിയിലെ പുഴാതി പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉദ്ഘാടനത്തിനൊരുങ്ങി. കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ പുഴാതി സോണൽ എട്ടാം ഡിവിഷനിൽ സ്ഥിതി ചെയ്യുന്ന ഈ ആരോഗ്യസ്ഥാപനം അഴീക്കോട് ഹെൽത്ത് ബ്ലോക്കിന് കീഴിലാണ് പ്രവർത്തിക്കുന്നത്.

കണ്ണൂർ നഗരപരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി ദിനം പ്രതി ശരാശരി 150ഓളം രോഗികൾക്ക് ചികിത്സ നൽകുന്നു. പ്രദേശത്ത് വലിയ തോതിൽ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളും ചികിത്സയ്ക്കായി ഇവിടെ ആശ്രയിക്കുന്നതിനാൽ ആരോഗ്യകേന്ദ്രത്തിന്റെ പ്രാധാന്യം വർധിച്ചിരിക്കുകയാണ്.

1972 സെപ്റ്റംബർ 30–ന് സർക്കാർ റൂറൽ ഡിസ്പെൻസറിയായി പ്രവർത്തനം ആരംഭിച്ച സ്ഥാപനം പിന്നീട് പ്രാഥമിക ആരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു. 2022–23 വർഷത്തെ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടിൽ നിന്ന് 1.43 കോടി രൂപ വിനിയോഗിച്ചാണ് പുതിയ കെട്ടിടം പണി പൂർത്തീകരിച്ചത്. ലാബ്, പ്രീ–ചെക്ക്–അപ്പ് ഏരിയ, ഒബ്സർവേഷൻ റൂം, മൈനർ ഒ.ടി., വിശാലമായ വെയിറ്റിങ് ഏരിയ എന്നിവ ഉൾപ്പെടെ നിരവധി സൗകര്യങ്ങൾ സ്ഥാപിക്കപ്പെടും. എഫ്.എച്ച്.സി നിലവിൽ വന്നാൽ സ്ഥാപനം ദേശീയ നിലവാരത്തിലേക്ക് ഉയർത്തി ദേശീയ അംഗീകാരം നേടുക എന്നതാണ് ദീർഘകാല ലക്ഷ്യം. കൂടാതെ ആർദ്രം മിഷൻ ലക്ഷ്യമിടുന്ന സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ പ്രാദേശിക തലത്തിൽ ഉറപ്പാക്കാനും, പ്രദേശവാസികളുടെ ചികിത്സാചെലവ് ഗണ്യമായി കുറയ്ക്കാനും ഈ നവീകരണം സഹായകമാകും.

വയനാട് മെഡിക്കൽ കോളജിലെത്തി

# 4K 3D ലാപ്രോസ്കോപ്പി യന്ത്രം




വയനാട്: വയനാട് ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ അത്യാധുനിക ലാപ്രോസ്കോപ്പി യന്ത്രം സ്ഥാപിച്ചു. ഇതുവഴി ഫോർ കെ – ത്രീ ഡി ലാപ്രോസ്കോപ്പിക് ശസ്ത്രക്രിയ നടത്താൻ സാധിക്കും. നവകേരള സദസ്സിന്റെ ഭാഗമായി മന്ത്രി ഒ.ആർ കേളു സമർപ്പിച്ച പദ്ധതിക്കായി അനുവദിച്ച ഏഴുകോടി രൂപയിൽ 1.11 കോടി വിനിയോഗിച്ചാണ് മെഷീൻ സ്ഥാപിച്ചത്.

സാധാരണ ലാപ്രോസ്കോപ്പി ശസ്ത്രക്രിയകളിൽ ഡോക്ടർമാർക്ക് ടി.വി സ്ക്രീനിൽ ടു ഡി ദൃശ്യങ്ങളാണ് ലഭിച്ചിരുന്നത്. എന്നാൽ, പുതിയ ത്രീ ഡി സാങ്കേതിക വിദ്യയിലൂടെ ശസ്ത്രക്രിയ നടത്തുന്ന ഭാഗം നേരിട്ട് കാണുന്നതുപോലെയുള്ള കൃത്യത ലഭിക്കും. ഫോർ ഡി റെസല്യൂഷൻ ദൃശ്യങ്ങൾ കൂടി ചേരുന്നതോടെ ശരീരത്തിനുള്ളിലെ അതിസൂക്ഷ്മമായ രക്തക്കുഴലുകളും നാഡീവ്യൂഹങ്ങളും വ്യക്തമായി ശസ്ത്രക്രിയാ വിദഗ്ധന് കാണാൻ സാധിക്കും.

ഉയർന്ന റെസല്യൂഷനിലുള്ള ത്രീഡി ദൃശ്യങ്ങൾ ശസ്ത്രക്രിയയുടെ കൃത്യത വർധിപ്പിക്കും. ശരീരത്തിനകത്തെ സൂക്ഷ്മ ഘടനകൾ വ്യക്തമായി കാണുന്നതിലൂടെ സങ്കീർണമായ ശസ്ത്രക്രിയകൾ ലളിതവും സുരക്ഷിതവുമായി പൂർത്തിയാക്കാൻ സാധിക്കും. രക്തക്കുഴലുകൾ വ്യക്തമായി തിരിച്ചറിയാൻ സാധിക്കുന്നതിനാൽ ശസ്ത്രക്രിയക്കിടെ രക്തനഷ്ടം കുറയ്ക്കാനും കഴിയും. ചെറുമുറിവുകളായി ശസ്ത്രക്രിയ നടത്തുന്നതിനാൽ വേദന കുറവും രോഗികൾക്ക് വേഗത്തിൽ സുഖംപ്രാപിച്ച് ദൈനംദിന ജീവിതത്തിലേക്ക് മടങ്ങാനും സാധിക്കും. വലിയ കീറലുകൾ ഇല്ലാത്തതിനാൽ അണുബാധ സാധ്യതകൾ കുറയും. അർബുദ സംബന്ധമായ ശസ്ത്രക്രിയകൾ, ഗൈനക്കോളജി, യൂറോളജി വിഭാഗങ്ങളിലെ സങ്കീർണമായ ശസ്ത്രക്രിയകൾക്ക് സംവിധാനം ഏറെ ഫലപ്രദമാകും.

ഒരേസമയം കൂടുതൽ രോഗികൾക്ക് ചികിത്സ നൽകാൻ സാധിക്കും. നൂതന സാങ്കേതികവിദ്യയിലൂടെ ശസ്ത്രക്രിയ ചെയ്യുന്ന ഭാഗം കൃത്യതയോടെ ലഭിക്കും. ലാപ്രോസ്കോപ്പി യന്ത്രമുപയോഗിച്ച് പ്രതിമാസം ഇരുപതോളം ശസ്ത്രക്രിയകളാണ് നടത്താറുണ്ടായിരുന്നത്. പുതിയ യന്ത്രമെത്തിയതോടെ കൂടുതൽ ശസ്ത്രക്രിയകൾ നടത്താൻ സാധിക്കും. പുതിയ സി.ടി സ്കാനിങ് മെഷീനും എക്സ് റേ യൂണിറ്റിനും പുറമെ അത്യാധുനിക ഫോർ കെ – ത്രീ ഡി ലാപ്രോസ്കോപ്പി യന്ത്രം കൂടിയെത്തിയതോടെ മെഡിക്കൽ കോളജിൽ വൻ ചികിത്സാ മുന്നേറ്റമുണ്ടാവും. പുതിയ യന്ത്രത്തിലൂടെ ഒരു ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.














**ഉന്നതികളെ ചേർത്ത്പിടിച്ച്**

# വയനാട് തീർത്ത ആരോഗ്യവിപ്ലവം

വയനാട്: ജനസംഖ്യയിൽ 18 ശതമാനം വരുന്ന ആദിവാസി ജനവിഭാഗങ്ങളെ ചേർത്തുപിടിച്ച് വയനാടിന്റെ ആരോഗ്യരംഗം കുതിക്കുന്നു. സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങളിൽ 36 ശതമാനവും വയനാട് ജില്ലയിലാണ്. 3,313 കോളനികൾ ജില്ലയിലുണ്ട്. നിരവധി പദ്ധതികളും വിവിധ തരം പ്രവർത്തനങ്ങളും ഉന്നതികളുടെ ആരോഗ്യസംരക്ഷണത്തിന് വയനാട്ടിൽ നടപ്പാക്കിവരുന്നു.

## പദ്ധതികളിലൂടെ ഒരു യാത്ര...

### 'പുക ഇല്ലാ'താക്കാൻ വയനാട്

ആദിവാസി മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി വയനാടിനെ ഘട്ടംഘട്ടമായി പുകയില മുക്തമാക്കുകയാണ് പുക ഇല്ല ക്യാമ്പയിനിലൂടെ. ആദ്യഘട്ടത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ കാപ്പിക്കുന്ന് കോളനി പുകവലി രഹിതമായി പ്രഖ്യാപിച്ചു. രണ്ടാം ഘട്ടത്തിൽ എടവക പഞ്ചായത്തിലെ മണൽവയൽ കോളനിയാണ് പുകവലി രഹിത കോളനിയായത്. ക്യാമ്പയിന്റെ ഭാഗമായി ശിൽപശാല അടക്കമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

### മികച്ച ചികിത്സയൊരുക്കി നല്ലൂർനാട് കാൻസർ കെയർ സെന്റർ

അർബുദ ചികിത്സയിൽ വലിയ മാറ്റത്തിന് വഴിതെളിച്ച് മുന്നേറുകയാണ് നല്ലൂർനാട് സർക്കാർ ആശുപത്രി. പട്ടികവർഗ വികസനവകുപ്പ് 2007ൽ ആരോഗ്യവകുപ്പിന് വിട്ടുനൽകിയതാണ് നല്ലൂർനാട് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി. ദേശീയ കാൻസർ നിയന്ത്രണ പരിപാടിക്കു കീഴിൽ 2013ലാണ് ജില്ലയിലെ ഏക കാൻസർ കെയർ സെന്റർ ഇവിടെ തുടങ്ങിയത്. ജനറൽ ഒപി സൗകര്യമാണ് ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നത്. എൻ.എച്ച്.എം ഫണ്ട് വിനിയോഗിച്ച് ഡിജിറ്റൽ എക്സ്റേ സംവിധാനം അടക്കം ഇവിടെ പ്രവർത്തിക്കുന്നു. അർബുദ രോഗികൾക്ക് കീമോതെറാപ്പി, റേഡിയോ തെറാപ്പി ചെയ്യുന്നതിനുള്ള സൗകര്യം ഇപ്പോൾ ഇവിടെയുണ്ട്. റേഡിയേഷൻ ചികിത്സ ആവശ്യമുള്ള രോഗികൾ കോഴിക്കോട് മെഡിക്കൽ കോളജ്, തലശ്ശേരി മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിൽ പോകേണ്ട സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. ഇവിടെ റേഡിയേഷൻ തുടങ്ങിയതോടെ രോഗികളുടെ യാത്രാദുരിതത്തിന് വലിയ പരിഹാരമായി. നിലവിൽ ഗവ. ട്രൈബൽ ആശുപത്രിക്കൊപ്പം ജില്ലാ കാൻസർ സെന്ററും ഇവിടെ പൂർണതോതിൽ പ്രവർത്തിച്ചുവരുന്നു. ഇതര ജില്ലകളിൽ നിന്നും കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നുമടക്കം നിരവധി രോഗികളാണ് ഇവിടെ ചികിത്സ തേടിയെത്തുന്നത്.

### ഊരും ഉയിരും പദ്ധതി

വയനാട്ടിലെ ഗോത്ര വിഭാഗക്കാർക്കായുള്ള സമഗ്ര ആരോഗ്യം ലക്ഷ്യമാക്കിയുള്ള 'ഊരും ഉയിരും' ക്യാമ്പ് നൂൽപ്പുഴ പഞ്ചായത്തിലെ പൊൻകുഴി പണിയ കോളനിയിൽ ആരംഭിച്ചു. ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ്, ആരോഗ്യകേരളം, ആരോഗ്യ വകുപ്പ് , വനിതാ ശിശു വികസന വകുപ്പ്, യൂണിസെഫ് എന്നിവയുടെ സംയുക്ത സംരംഭമാണിത്. വിളർച്ച, മുരടിപ്പ്, തൂക്കക്കുറവ്, ശിശുമരണങ്ങൾ മുതലായ പ്രശ്നങ്ങൾക്കായുള്ള ആരോഗ്യ സ്ക്രീനിംഗ്, മരുന്ന് വിതരണം എന്നിവയാണ് നടത്തുന്നത്. ആദ്യഘട്ടത്തിൽ വയനാട്ടിലെ എട്ട് ഉന്നതികൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനം. രണ്ടാം ഘട്ടത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന 100 ഉന്നതികളിലേക്ക് പരിപാടി വ്യാപിപ്പിക്കും.

### അമ്മയുടെ താരാട്ട്

നൂൽപ്പുഴ എഫ്.എച്ച്.സിയിൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് അമ്മയുടെ താരാട്ട്. വിളർച്ച ബാധിച്ച രോഗികൾക്ക് അയൺ സൂക്രോസ് ഇഞ്ചക്ഷനും അയൺ റിച്ച് ഡ്രിങ്കും ബ്രേക്ക് ഫാസ്റ്റും ഇതുവഴി നൽകുന്നു. റീപ്രൊഡക്ടീവ് ഏജ് ഗ്രൂപ്പുകാർക്കും സേവനം ലഭ്യമാണ്. ഇവിടെയെത്തുന്നവർ ഉച്ചവരെ ഒബ്സർവേഷനിലായിരിക്കും. ഉച്ചഭക്ഷണം കൂടി നൽകിയാണ് തിരികെ വിടുക. ഇതിനായി പഞ്ചായത്ത്, സിഎസ്ആർ, എൻഎച്ച്എം ഫണ്ടുകൾ വിനിയോഗിക്കുന്നു. പഞ്ചായത്ത്, എൻ.എച്ച്.എം ഫണ്ട് വിനിയോഗിച്ച് വാഹനസൗകര്യം ലഭ്യമാക്കിയാണ് രോഗികളെ ഫീൽഡിൽ നിന്നും ആശുപത്രിയിൽ എത്തിക്കുന്നത്. ആശുപത്രി, എൻ.എച്ച്.എം, പഞ്ചായത്ത് എച്ച്.ആർ ഇതിനായി തയ്യാറാക്കിയിരിക്കുന്നു. ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ, എം.എൽ.എച്ച്.പി പ്രവർത്തകരാണ് ഫീൽഡിൽ നിന്ന് വിളർച്ച ബാധിതരെ കണ്ടെത്തി അമ്മയുടെ 'താരാട്ടി'ൽ എത്തിക്കുന്നത്. എൻഎച്ച്എം നൂൽപ്പുഴ ആശുപത്രി പരിധിയിൽ നിയോഗിച്ച ട്രൈബൽ ടിഎംഎംയു ശ്രദ്ധേയ പ്രവർത്തനം ഈ മേഖലയിൽ കാഴ്ചവയ്ക്കുന്നു.

### ഊരുമിത്രം ആശ

195 ഹാംലറ്റ് ആശമാർ വയനാട് ജില്ലയിൽ വിവിധ ഊരുകളിൽ പ്രവർത്തിക്കുന്നു. കോളനികളിൽ ആന്റിനാറ്റൽ കെയർ, ഗർഭിണികൾക്കും വയോജനങ്ങൾക്കുമുള്ള പരിചരണ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ, ജീവിതശൈലീ രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നു.

### റേഡിയോ മാറ്റൊലി

കോവിഡ് കാലഘട്ടത്തിൽ കമ്മ്യൂണിറ്റി റേഡിയോയിൽ ആരംഭിച്ച 'ഇ–ടോക്സ്' പ്രോഗ്രാം ആദിവാസി മേഖലയിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി ഇന്നും തുടർന്നുവരുന്നു. ആദിവാസി ഭാഷയിലും മലയാളത്തിലുമായാണ് ബോധവൽക്കരണ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്യുന്നത്. കോവിഡ് കാലഘട്ടത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ, പ്രധാനമന്ത്രിയുടെ ഓഫിസ് തിരഞ്ഞെടുത്ത, രാജ്യത്തെ 10 കോവിഡ് വാരിയേഴ്സിൽ ഒരാൾ 'ഇ–ടോക്സ്'ന്റെ അവതാരകയായ അശ്വതിയാണ്.

### ഗർഭകാല ഗോത്രമന്ദിരം

സംസ്ഥാനത്ത് ആദ്യമായി ഗർഭകാല ഗോത്രമന്ദിരം ഉദ്ഘാടനം ചെയ്തത് വാഴവറ്റ കുടുംബാരോഗ്യ കേന്ദ്രത്തിൽ. വീടുകളിലെ പ്രസവം ഒഴിവാക്കി അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ രക്ഷിക്കുന്നതിനുള്ള പദ്ധതിയാണിത്. സുൽത്താൻ ബത്തേരി, വൈത്തിരി താലൂക്ക് ആശുപത്രികൾക്കു കീഴിൽ രണ്ടു വീതവും നൂൽപ്പുഴ, അപ്പപ്പാറ, വാഴവറ്റ ആശുപത്രി പരിസരങ്ങളിൽ ഒന്നു വീതവുമായി ജില്ലയിൽ ആകെ 7 യൂണിറ്റുകളുണ്ട്. 43,71,463 രൂപ മുതൽ മുടക്കിലാണ് ഏഴു യൂണിറ്റുകൾ നിർമിച്ചത്.

### പോഷക പുനരധിവാസ കേന്ദ്രം

സിവിയർലി അക്യൂട്ട് മാൽനറിഷ്ഡ്, മോഡറേറ്റ്ലി അക്യൂട്ട് മാൽനറിഷ്ഡ് കുട്ടികളെ എം.എൽ.എസ്.പിമാർ അടക്കമുള്ള ജീവനക്കാർ കണ്ടെത്തി സുൽത്താൻ ബത്തേരി പോഷക പുനരധിവാസ കേന്ദ്രത്തിൽ പ്രവേശിപ്പിക്കും. 14 ദിവസം അമ്മയ്ക്കും കുഞ്ഞിനും (പ്രത്യേകിച്ചും ആദിവാസി വിഭാഗം) ഭക്ഷണം ബത്തേരി എൻ.ആർ. സിയിൽ നിന്നു തന്നെയാണ്. വൺ സ്റ്റോപ്പ് എന്ന നിലയിൽ അമ്മയെയും സ്ക്രീൻ ചെയ്യുന്നു. എൻആർസിയിൽ ഫാമിലി കൗൺസിലിങ് സൗകര്യവും ലഭ്യമാണ്. നൂൽപ്പുഴയിൽ ഡേ കെയർ എൻ.ആർ.സിയും പ്രവർത്തിക്കുന്നു.

# സ്കാനിങ്ങിനായി അലയേണ്ട; അത്യാധുനിക സി.ടിയെത്തി

വയനാട് : രോഗികൾക്ക് ആശ്വാസമായി മാനന്തവാടിയിലെ ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ പുതിയ സി.ടി സ്കാൻ യൂണിറ്റ് എത്തി. നവകേരള സദസ്സിൽ അനുവദിച്ച 7.21 കോടി ചെലവഴിച്ചാണ് ഉപകരണമെത്തിച്ചത്. ഏഴുകോടി രൂപയിൽ 3.98 കോടി രൂപയ്ക്ക് യന്ത്രവും ബാക്കി തുകയ്ക്ക് അനുബന്ധ ഉപകരണങ്ങളുമാണ് വാങ്ങിയത്. കേരള മെഡിക്കൽ സർവീസ് കോർപറേഷൻ മുഖേന ജപ്പാനിൽ നിന്നാണ് ഉപകരണം ഇറക്കുമതി ചെയ്തത്. വലിയ ക്രെയിനുകൾ എത്തിച്ചാണ് സി.ടി സ്കാൻ യൂണിറ്റ് സ്ഥാപിക്കുക. മാർച്ച് ആദ്യവാരത്തോടെ യന്ത്രം പ്രവർത്തനസജ്ജമാകും. ആശുപത്രിയിലെ പഴയ സി.ടി യൂണിറ്റ് നാല് സ്ലൈഡുകൾ ഉള്ളതായിരുന്നുവെങ്കിൽ പുതിയ യൂണിറ്റ് 64 സ്ലൈഡുകളുള്ളതാണ്. മന്ത്രി ഒ.ആർ കേളുവിന്റെ ഇടപെടലിനെ തുടർന്ന് നവകേരള സദസ്സിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ തുക അനുവദിച്ചത്. നിലവിൽ നല്ലൂർനാട് ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിന്നാണ് രോഗികൾക്ക് സി.ടി സ്കാൻ എടുക്കുന്നത്. ഒരുമാസം അഞ്ഞൂറിലധികം സി.ടി സ്കാനിങ് ഇവിടെ നടക്കുന്നു. ഇതിൽ 60 ശതമാനത്തിലധികവും ആദിവാസി, പിന്നാക്ക വിഭാഗത്തിൽ പെട്ടവർക്ക് സൗജന്യമായാണ് ചെയ്യുന്നത്. മാനന്തവാടി ഗവ. മെഡിക്കൽ കോളജിലും അത്യാധുനിക സി.ടി സംവിധാനമെത്തിയത് ജില്ലയിലെ ആരോഗ്യമേഖലയ്ക്ക് കരുത്താവും. മെഡിക്കൽ കോളജിൽ എത്തിച്ച സി.ടി യൂണിറ്റ് മന്ത്രി ഒ.ആർ കേളു വിലയിരുത്തി.









## കരുതലിന്റെ കവചം ഒരുക്കി കോഴിക്കോട്

കോഴിക്കോട്: സംസ്ഥാനത്തെ വലിയ നഗരപ്രദേശങ്ങളിലും ലോകത്തിലെ 195 –മത്തെ വലിയ നഗരപ്രദേശവുമാണ്. 2011ലെ സെൻസസ് പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യ 30,86,293 ആണ്. പുരുഷ ജനസംഖ്യ 14,70,942 ഉം ആകെ സ്ത്രീ ജനസംഖ്യ 16,15,351 ഉം ആണ്. ജില്ലയിൽ മൂന്ന് പാർലമെന്റ് മണ്ഡലങ്ങളും 13 നിയമസഭാ മണ്ഡലങ്ങളും ഉൾപ്പെടുന്നു .

### വിപ്ലവകരമായ നേട്ടങ്ങൾ കൈവരിച്ച മാതൃശിശു സംരക്ഷണ മേഖല

1. എല്ലാ കുഞ്ഞുങ്ങൾക്കും മുലപ്പാൽ ഉറപ്പാക്കാനായി മുലപ്പാൽ ബാങ്ക്.
2. ഐസിയുവിൽ പ്രവേശിപ്പിക്കപ്പെട്ട കുഞ്ഞുങ്ങളോടൊപ്പം 24 മണിക്കൂറും അമ്മമാരെയും കൂടെ നിർത്തുന്ന എം.എൻ.സി.യു മദർ ന്യൂ ബോൺ കെയർ യൂണിറ്റ് സംവിധാനം .
3. ജന്മനാ വൈകല്യമുള്ള കുഞ്ഞുങ്ങൾക്ക് ചികിത്സ നൽകുന്നതിനായി കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ
4. നിയോ ക്രാഡിൽ പദ്ധതി–വെബ് ബേസ്ഡ് സംവിധാനം
5. രാജ്യത്ത് മാതൃകയായ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി കക്കോടി കുടുംബാരോഗ്യ കേന്ദ്രം
6. കോഴിക്കോട്,മലപ്പുറം,കണ്ണൂർ,വയനാട്,കാസർകോഡ് ജില്ലകൾക്ക് ആവശ്യമായ രോഗപ്രതിരോധ കുത്തിവെപ്പിനുള്ള വാക്സിനുകളും കുടുംബക്ഷേമ മാർഗങ്ങളും സംഭരിക്കുന്നതിനു വിതരണം ചെയ്യുന്നതിനായി റീജിണൽ ഫാമിലി വെൽഫെയർ സ്റ്റോർ.

## ആരോഗ്യ ബോധവത്കരണത്തിന് 'ഫൺ റൺ'

കോഴിക്കോട് : സംസ്ഥാന സർക്കാരിന്റെ 'ഹെൽത്തി കേരള' ക്യാമ്പയിനിന്റെ ഭാഗമായി നാദാപുരം ഗവണ്മെന്റ് താലൂക്ക് ആശുപത്രിയും ജെ.സി.ഐ നാദാപുരവും സംയുക്തമായി ആരോഗ്യ ബോധവത്കരണ ഫൺ റൺ സംഘടിപ്പിച്ചു. വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾക്കെതിരെ പൊതുജനങ്ങളിൽ അവബോധം വളർത്തുക, വ്യായാമത്തിന്റെ പ്രാധാന്യം വിളിച്ചോതുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിപാടി നടത്തിയത്.

നാദാപുരം ടൗൺ പരിസരത്ത് നടന്ന ഫൺ റണ്ണിൽ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. നാദാപുരം സർക്കിൾ ഇൻസ്‌പെക്ടർ നിധീഷ് ടി എം ഫ്ളാഗ് ഓഫ് ചെയ്തതോടെയാണ് ഫൺ റൺ ന് തുടക്കമായത്. തൂണേരി ബ്ലോക്ക്പഞ്ചായത്ത്പ്രസിഡന്റ്പ്രദീഷ് കെ പി. നാദാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സഫീറ മൂന്നാംകുനി, നാദാപുരം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. രഞ്ജിത്ത് പി,താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർ, ആരോഗ്യ പ്രവർത്തകർ, ജെ.സി.ഐ അംഗങ്ങൾ, കായിക പ്രേമികൾ, വിദ്യാർത്ഥികൾ എന്നിവർ ആവേശപൂർവ്വം പരിപാടിയുടെ ഭാഗമായി.

ആരോഗ്യ സംരക്ഷണം: നിത്യേനയുള്ള വ്യായാമത്തിലൂടെ രോഗങ്ങളെ പ്രതിരോധിക്കുക. ബോധവത്കരണം: ലഹരി വിരുദ്ധ സന്ദേശങ്ങളും കൃത്യമായ ഭക്ഷണക്രമവും പ്രചരിപ്പിക്കുക. സമൂഹ പങ്കാളിത്തം: ആരോഗ്യകരമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാൻ ജനങ്ങളെ ഒരുമിപ്പിക്കുക,എന്നീ ലക്ഷ്യങ്ങളോടെയാണ് പരിപാടി നടത്തുന്നത്. ഫൺ റൺ ന് ശേഷം നടന്ന സമാപന സമ്മേളനത്തിൽ ആരോഗ്യകരമായ ജീവിതശൈലി ഓരോ വ്യക്തിയും ശീലമാക്കണമെന്നും ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്നും ആശുപത്രി സൂപ്രണ്ട് ഡോ. രഞ്ജിത്ത് പി അറിയിച്ചു.




## നിപ: മുൻകരുതലുമായി ജാഗ്രത സദസ്സ്

കോഴിക്കോട് : കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് ആൻഡ് റെസിലിൻസിൽ നിപ ജാഗ്രത സദസ്സ് സംഘടിപ്പിച്ചു . നിപ രോഗം കൂടുതൽ തവണ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലാ കൈകൊള്ളേണ്ട മുൻകരുതലുകളെ കുറിച്ചും ഓരോരോ വകുപ്പുകളും പാലിക്കേണ്ട നടപടികളെ കുറിച്ചുമാണ് ജാഗ്രത സദസിൽ ചർച്ച നടത്തിയത്. ഡോ അനീഷ് ടി എസ് നോഡൽ ഓഫീസർ കേരള വൺ ഹെൽത്ത് സെന്റർ ഡോ നവീൻ എ സ്റ്റേറ്റ് ഹെഡ് കെ സി ഡി സി എന്നിവരാണ് ജാഗ്രത സദസ്സ് നയിച്ചത്.

പരിപാടിയുടെ ഉദ്ഘാടനം ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് വീണാ ജോർജ് നിർവഹിച്ചു. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. നിപയെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരണം ഉൾക്കൊള്ളിച്ച ഡിജിറ്റൽ ലൈബ്രറിയുടെ ഉദ്ഘാടനം, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പ്രതിജ്ഞ പ്രകാശനം, നിപ ബോധവൽക്കരണ പോസ്റ്ററുകളുടെ പ്രകാശനവും എന്നിവയും ആരോഗ്യ മന്ത്രി നിർവഹിച്ചു. കൂടാതെ നിപ ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കിയ ഋഷി കൃഷ്ണ എസി നെയും എപ്പിഡിമിയോളജിസ്റ്റുമാരായ അലീഡാ, ആദിഷ എന്നിവരെയും ചടങ്ങിൽ ആദരിച്ചു. പരിപാടിയിൽ ഡോ. കെ. വി. വിശ്വനാഥൻ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. രാജാറാം കെ. കെ, ജില്ലാ മെഡിക്കൽ ഓഫീസർ (ഡി.എം.ഒ), കോഴിക്കോട് ഡോ. സജീത് കുമാർ, പ്രിൻസിപ്പൽ, ഗവ. മെഡിക്കൽ കോളേജ് കോഴിക്കോട് ഡോ. ശ്രീജയൻ, സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി (എം.സി.എച്ച്), കോഴിക്കോട് ഡോ ബിജോയ് ഇ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എൻ എച്ച് എം ഡോ. ഷാജി സി.കെ, എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ. കോഴിക്കോട് എന്നിവർ പരിപാടിയിൽ സന്നിഹിതരായി.








## 25 വയസുകാരിയിൽ നിന്നും 23 കിലോഗ്രാം ഭാരമുള്ള മുഴ നീക്കം ചെയ്തു



കോഴിക്കോട്: കോഴിക്കോട് മെഡിക്കൽ കോളേജിലെ മാതൃ–ശിശു സംരക്ഷണ കേന്ദ്രത്തിൽ വച്ച് സങ്കീർണ ശസ്ത്രക്രിയയിലൂടെ യുവതിയുടെ വയറ്റിൽ നിന്നും 23 കിലോ ഭാരമുള്ള അണ്ഡാശയ മുഴ നീക്കം ചെയ്തു. നീക്കം ചെയ്ത മുഴയ്ക്ക് 45 സെന്റിമീറ്റർ നീളവും 45 സെന്റിമീറ്റർ വീതിയുമുണ്ട്. രണ്ടു മണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെയാണ് ഇത് നീക്കം ചെയ്തത്. 25 വയസുള്ള യുവതി അകാരണമായി വയർ വീർത്തതിനെ തുടർന്നാണ് ചികിത്സ തേടിയത്. രോഗി സുഖം പ്രാപിച്ചു വരുന്നു. ശസ്ത്രക്രിയ നടത്തിയ മെഡിക്കൽ കോളേജിലെ ടീമിനെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

മാതൃ–ശിശു സംരക്ഷണ കേന്ദ്രത്തിന്റെ സൂപ്രണ്ട് ഡോ. അരുൺ പ്രീതിന്റെ നിർദേശ പ്രകാരം ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. മോളി സാം, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സിദ്ദീഖ് സി.എം., ഡോ. എമിൽ ജോസ് സീനിയർ റെസിഡെന്റ്, അനസ്തേഷ്യ വിഭാഗത്തിലെ പ്രൊഫസ്സർ ഡോ. തസ്നിം മുഹമ്മദ് എൻ, ഡോ. ലക്ഷ്മി വി. നായർ അസി പ്രഫസർ, ഡോ. റിഥുൽ സിനിയർ റെസിഡെന്റ്, നഴ്സിംഗ് ഓഫീസർ അശ്വതി പി.എസ്, തിയറ്റർ അസിസ്റ്റന്റ് പ്രബോധ് ചന്ദ്രൻ പി.വി, നഴ്സിംഗ് അസിസ്റ്റന്റ് മിനി എൻ.പി, ഹെഡ് നഴ്സ് ദീപ മാണി, സീമ പി.എം. എന്നിവരടങ്ങുന്ന സംഘമാണ് സങ്കീർണമായ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്. രോഗി സുഖം പ്രാപിച്ചു വരുന്നു.



## മന്ത്രി വീണാ ജോർജ് നിപയെ അതിജീവിച്ച ആരോഗ്യ പ്രവർത്തകനെ സന്ദർശിച്ചു

കോഴിക്കോട്: നിപ രോഗിയെ പരിചരിപ്പിക്കുന്നതിലൂടെ ഉണ്ടായ അണുബാധയും നിപയുടെ അത്യപൂർവമായ സങ്കീർണതയായ ഡിലൈഡ് എൻസഫലിറ്റിസ് എന്ന അവസ്ഥയെയും അതിജീവിച്ച ടിറ്റോയെയും മാതാപിതാക്കളെയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് കോഴിക്കോട് വീട്ടിലെത്തി സന്ദർശിച്ചു. നിപ പ്രതിരോധത്തിൽ ടിറ്റോ നടത്തിയ പ്രവർത്തനങ്ങളെ മന്ത്രി ഓർമ്മിച്ചു.

2023ൽ കോഴിക്കോട് ജില്ലയിൽ നിപ ബാധിച്ച മരുതൂംകരം സ്വദേശിയായ രോഗിയെ പരിചരിച്ചതിലൂടെയാണ് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ നഴ്സായി ജോലി ചെയ്തിരുന്ന ടിറ്റോയ്ക്ക് നിപ ബാധിച്ചത്. ടിറ്റോയിൽ രോഗം കണ്ടെത്തുകയും ചികിത്സിക്കുകയും രോഗത്തിൽ നിന്നും അദ്ദേഹം മോചനം നേടുകയും ചെയ്തു. എന്നാൽ അത്യപൂർവമായി തലച്ചോറിൽ വൈറസ് അവശേഷിക്കുകയും വീണ്ടും പ്രവർത്തിക്കുകയും ചെയ്യുന്ന ഡിലെയ്ഡ് എൻസഫലിറ്റിസ് അവസ്ഥയിലേക്ക് ടിറ്റോ നീങ്ങി. വളരെ ബുദ്ധിമുട്ടുള്ള അവസ്ഥയിൽ നിന്നുമാണ് ടിറ്റോ ഇപ്പോൾ ജീവിതത്തിലേക്ക് തിരികെയെത്തിക്കൊണ്ടിരിക്കുന്നത്. 2023ൽ ഉണ്ടായ നിപ ബാധയുടെ സമ്പർക്ക പട്ടിക തയ്യാറാക്കുന്നതിൽ ടിറ്റോ നൽകിയ വിവരങ്ങൾ വളരെ പ്രധാനമായിരുന്നു. അത്തരം വിവരങ്ങൾ കൂടി ലഭിച്ചതിനാലാണ് മരണനിരക്ക് ചരിത്രത്തിലെ ഏറ്റവും കുറഞ്ഞ അവസ്ഥയിലേക്ക് എത്തിക്കാൻ നമുക്ക് കഴിഞ്ഞത്.

ടിറ്റോയിൽ ഉണ്ടായതുപോലെയുള്ള രോഗാവസ്ഥ വളരെ അപൂർവമായി സംഭവിക്കുന്നതാണ്. അവരിൽ നിന്നും മറ്റൊരാൾക്ക് രോഗം പകരുകയില്ല. രണ്ടുതവണ നിപാ രോഗത്തെ അതിജീവിച്ച ടിറ്റോ വളരെ വേഗം പൂർണ ആരോഗ്യത്തിലേക്ക് തിരിച്ചെത്തട്ടെ എന്ന് മന്ത്രി ആശംസിച്ചു.







# നിലമ്പൂരിന്റെ ആരോഗ്യ ഭൂപടത്തിൽ പുതിയ വിപ്ലവം

മലപ്പുറം: മികച്ച ആധുനിക സൗകര്യങ്ങളോടെ രോഗിസൗഹൃദമായി നിലമ്പൂരിന്റെ ആരോഗ്യ ഭൂപടത്തിൽ പുതിയ വിപ്ലവം കുറിക്കുകയാണ് നിലമ്പൂർ ജില്ലാശുപത്രി. നിലമ്പൂരിലെയും ഏറനാട്ടിലെയും സാധാരണക്കാരായ ജനങ്ങൾക്കും, മലയോരമേഖലയിലെ ജനവിഭാഗങ്ങൾക്കും ഗോത്ര വിഭാഗങ്ങൾക്കും വലിയ ആശ്വാസമാണ് ഈ ആശുപത്രി. അതിർത്തി ജില്ലയായതിനാൽ തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽ നിന്നു പോലും രോഗികൾ ഇവിടെ ചികിത്സ തേടി വരുന്നുണ്ട്. 1936 ൽ മലേറിയ ആശുപത്രി എന്ന പേരിൽ പേരിലറിയപ്പെട്ടിരുന്ന ഗവൺമെന്റ് ആശുപത്രി പിന്നീട് 30 കിടക്കകളുള്ള ആശുപത്രി ആയി ഉയർന്നു. 1983–84 ൽ പി.പി. യൂണിറ്റ് നിലവിൽ വന്നു. 1996 ൽ താലൂക്കാശുപത്രിയാക്കി ഉയർത്തി. 2014ൽ ജില്ലാ ആശുപത്രിയായി ഉയർത്തി. 142 കിടക്കകൾ അനുവദിക്കപ്പെട്ടിട്ടുള്ള ഈ സ്ഥാപനത്തിൽ നിലവിൽ 35 ഡോക്ടർമാർ ഉൾപ്പെടെ 168 സ്ഥിരം ജീവനക്കാരും, എൻ.എച്ച്.എം, എച്ച്.എം.സി, കാസ്പ്, വിമുക്തി, കെസാക്സ് തുടങ്ങിയവയിൽ 140 താൽകാലിക ജീവനക്കാരും ജോലി ചെയ്തുവരുന്നു. സെക്യൂരിറ്റി സേവനം, ഹൗസ് കീപ്പിംഗ് സേവനം എന്നിവ ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നു.

വികസന വിപ്ലവത്തിന്റെ ഭാഗമായി 46,000 ചതുരശ്ര അടിയിൽ 4 നിലകളിലായി 19 കോടി രൂപ ആരോഗ്യകേരളം ഫണ്ട് ഉപയോഗിച്ചാണ് സ്ത്രീകളുടേയും കുട്ടികളുടേയും ബ്ലോക്ക് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ട ഉദ്ഘാടനം ഫെബ്രുവരി 14 ന് നിർവഹിച്ചു.

ഗൈനക്കോളജി ഒ.പി & വെയിറ്റിംഗ് ഏരിയ, ശിശുരോഗ വിഭാഗം ഒ.പി & വെയിറ്റിംഗ് ഏരിയ, വാക്സിനേഷൻ റൂം & വെയിറ്റിംഗ് ഏരിയ, സ്കാനിംഗ് റൂം എന്നിവയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്.

**ആധുനിക ലാബ് സൗകര്യം:** മലപ്പുറം ജില്ലയിലെ ആദ്യത്തെ ജില്ലാതല ഹബ് ലാബ് ഇന്ന് നിലമ്പൂർ ജില്ലാ ആശുപത്രിയുടെ ഭാഗമാണ്. 1.50 കോടി രൂപയുടെ വികസനം

**അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകൾ:** 2.80 കോടി രൂപ ചെലവിൽ മോഡുലാർ ഓപ്പറേഷൻ തിയേറ്ററും, നേത്ര വിഭാഗത്തിനായി പ്രത്യേകം തിയേറ്ററും പ്രവർത്തന സജ്ജം.

**കാരുണ്യത്തിന്റെ തണൽ:** മാസം തോറും 1200–ഓളം ഡയാലിസിസുകൾ, 150–ഓളം കീമോ തെറാപ്പികൾ, ലഹരിവിമുക്തിക്കായി എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ 'വിമുക്തി' കേന്ദ്രം.

**രക്തബാങ്കും ഐ.സി.യുവും:** 1 കോടി രൂപ ചെലവിൽ ബ്ലഡ് ബാങ്കും, 9 കിടക്കകളുള്ള അത്യാധുനിക ഐ.സി.യുവും സജീവം.

**ദേശീയ അംഗീകാരം:** കേന്ദ്ര സർക്കാരിന്റെ NQAS (National Quality Assurance Standards) അംഗീകാരം നേടിയ മലപ്പുറം ജില്ലയിലെ ആദ്യത്തെ ജില്ലാ ആശുപത്രിയാണ് നിലമ്പൂർ.

### മെച്ചപ്പെട്ട മാതൃശിശു ബ്ലോക്കിന്റെ നാൾവഴികൾ

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ 2014–2015 പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച്, 2016 ഒക്ടോബർ മാസം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും, ആഭ്യന്തര പ്രശ്നങ്ങൾ കാരണം നിർമ്മാണം നിന്ന് പോയി. പിന്നീട് 2022–2023ൽ കേരളത്തിന്റെ ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി. വീണാ ജോർജിന്റെയും, കേരള സർക്കാരിന്റെയും ശക്തമായ ഇടപെടലിനെ തുടർന്ന് 2022–23 NHM മുഖേന പുതിയ പദ്ധതിയായി 16.5 കോടി രൂപ അനുവദിക്കുകയും, WAPCOS ഏജൻസിയെ നിർമ്മാണ പ്രവർത്തികൾക്ക് ചുമതലപ്പെടുത്തുകയും ചെയ്തു. NHMന്റെ 2025–26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1.38 കോടിയുടെ ആശുപത്രി ഉപകരണങ്ങളും ഈ പുതിയ കെട്ടിടത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. 2026 ഏപ്രിലിൽ 100 കിടക്കകളോട് കൂടിയ ആധുനിക ലേബർ റൂമും വാർഡുകളും സജ്ജമാകുന്നതോടെ മലപ്പുറം ജില്ലയിലെ ഏറ്റവും കൂടുതൽ സൗകര്യങ്ങളുള്ള ഒരു സ്ഥാപനമായി ഈ ആശുപത്രി മാറും.

ട്രൈബൽ ഹബ്ബ്

# ട്രൈബൽ മൾട്ടി പർപ്പസ് സെന്റർ മലപ്പുറത്ത് സജ്ജം

മലപ്പുറം: സംസ്ഥാനത്തെ ആദ്യത്തെ ട്രൈബൽ ഹബ്ബ് (ട്രൈബൽ മൾട്ടി പർപ്പസ് സെന്റർ) മലപ്പുറം വാളാംന്തോട്ടിൽ സജ്ജമായി. ദുർഘട മേഖലയിലുള്ള ആദിവാസി നഗറുകളിൽ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിൽ അനുവദിച്ച കേരളത്തിലെ ആദ്യത്തെ ട്രൈബൽ മൾട്ടിപർപ്പസ് സെന്ററാണ് മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്തിലെ വാളംന്തോട് ട്രൈബൽ ഹബ്ബ്.

വിവിധ സർക്കാർ വകുപ്പുകളുടെ സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും എത്തിപ്പെടാൻ പ്രയാസമുള്ള ഉൾനാടൻ ഗോത്രവർഗ മേഖലകളിൽ എല്ലാ സേവനങ്ങളും ഒരൊറ്റ മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് ഈ സെന്ററിന്റെ ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. നിലവിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുഖേനെ ലഭിച്ചുവരുന്ന സേവനങ്ങൾക്ക് പുറമേ മറ്റ് സേവനങ്ങളും ഈ ഹബ്ബിലൂടെ നൽകുന്നു. ആരോഗ്യവകുപ്പ്, ഐ.സി.ഡി.എസ്, ഐ.ടി.ഡി.പി, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെയാണ് ഈ സെന്ററിന്റെ പ്രവർത്തനം. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ സേവനവും ഉറപ്പുവരുത്തും. കൂടാതെ വാളാന്തോട് മേഖലയിലെ ആദിവാസി നഗറുകളിലെ ഊരുമിത്രം ആശമാർ, അംഗൻവാടി പ്രവർത്തകർ തുടങ്ങിയവരും ഈ കേന്ദ്രവുമായി ചേർന്ന് പ്രവർത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ചാലിയാർ ഗ്രാമപഞ്ചായത്തിൽ മലപ്പുറം കോഴിക്കോട് ജില്ലകളുടെ അതിർത്തി പങ്കിടുന്ന മലയോര പ്രദേശമാണ് വാളംന്തോട്. ദുർഘട മേഖലയിലുള്ള ആദിവാസി നഗറുകളായ വെണ്ടേക്കുംപൊയിൽ, അമ്പുമല, സുപ്രീംനഗർ, തോട്ടപ്പള്ളി, നായാടംപൊയിൽ, കണ്ടിലപ്പാറ എന്നീ ട്രൈബൽ നഗറുകളിൽ നിന്നും 37 കിലോമീറ്റർ യാത്ര ചെയ്തുവേണം ചാലിയാർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് എത്താൻ. ചുരം റോഡ് വഴിയുള്ള ഗതാഗത സൗകര്യം വളരെ കുറവായതിനാൽ ഈ നഗറുകളിലെ ഗോത്ര ജനവിഭാഗങ്ങൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്നത് കഠിനമായിരുന്നു. ഈ പ്രയാസങ്ങൾ തിരിച്ചറിഞ്ഞാണ് 67.5 ലക്ഷം രൂപ ചെലവഴിച്ച് സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കായി കെട്ടിടം നിർമ്മിച്ചത്.

ഗോത്രവർഗ ജനവിഭാഗങ്ങളെ സർക്കാർ മേഖലയിലുള്ള വിവിധ സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിനും അഭ്യസ്തവിദ്യരായ ഗോത്ര ജനതയ്ക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനും ഈ സെന്റർ സഹായിക്കുന്നു.

വിവിധ സാമൂഹിക–സാമ്പത്തിക പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന ഏകജാലക സംവിധാനമായും ഇത് പ്രവർത്തിക്കും. ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്താനും ഈ കേന്ദ്രം ഉപയോഗിക്കും.








## പാലക്കാടിന്റെ പെരുമയേറ്റി

# സൗകര്യങ്ങളോടെ ജില്ലാ ആശുപത്രി




പാലക്കാട്: അടിയന്തിര ഘട്ടങ്ങളിൽ ചികിത്സയ്ക്കായി അയൽ ജില്ലകളിലേയ്ക്കോ തമിഴ്നാട്ടിലേക്കോ പായേണ്ടി വന്നിരുന്ന പാലക്കാടിന്റെ ദുരവസ്ഥയ്ക്ക് കഴിഞ്ഞ ഒരു ദശാബ്ദം കൊണ്ട് ഉണ്ടായിരിക്കുന്ന മാറ്റം ഏറെയാണ്. സ്ഥല പരിമിതിയും ദുസ്സഹമായ തിരക്കും പരിമിതമായ ശസ്ത്രക്രിയ സൗകര്യങ്ങളും, ചികിത്സ ഉപകരണങ്ങളുടെ ലഭ്യതക്കുറവും എല്ലാം ചേർന്ന് ദുരിത പൂർണ്ണമായ ഒരു ഭൂതകാലം താണ്ടിയാണ് ജില്ലാ ആശുപത്രി ഇന്ന് 171 കോടിയോളം രൂപയുടെ വികസന നിക്ഷേപം കൃത്യമായ ദിശാബോധത്തോടെ നടപ്പാക്കി പാലക്കാടിന്റെ ഹൃദയഭാഗത്ത് തലയുയർത്തി നിൽക്കുന്നത്. പരിമിത വിഭവങ്ങൾ കൊണ്ട് തന്നെ ആത്മാർത്ഥതയോടെയും അർപ്പണ മനോഭാവത്തോടെയും കഠിനപ്രയത്നം ചെയ്യുന്ന ആരോഗ്യപ്രവർത്തകരും ഈ സംവിധാനത്തെ ഇന്നീ കാണുന്ന നിലവാരത്തിൽ എത്തിക്കാൻ വലിയ പങ്ക് വഹിച്ചു. വിപുലമായ അടിസ്ഥാന സൗകര്യ വികസനം അനുദിനം വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ ആവും വിധം ആശുപത്രിയെ സജ്ജമാക്കി. ഒപ്പം അതി ഗുരുതരാവസ്ഥയിലുള്ള രോഗികളെ സ്വകാര്യ ആശുപത്രികളിലേക്കോ മെഡിക്കൽ കോളേജുകളിലേക്കോ റഫർ ചെയ്യേണ്ടി വരുന്ന സാഹചര്യവും മാറുകയാണ്. പി.എം അഭീം ഫണ്ട് 32 കോടി രൂപ വകയിരുത്തി അഞ്ചു നിലകളിലായി അത്യാധുനിക ക്രിട്ടിക്കൽ കെയർ യൂണിറ്റിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു.

മാസത്തിൽ 900–ലധികം സങ്കീർണ്ണ ശസ്ത്രക്രിയകൾ ഇവിടെ നടക്കുന്നു. കാർഡിയോളജി, യൂറോളജി, നെഫ്രോളജി, ന്യൂറോളജി തുടങ്ങിയ വിവിധ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഇവിടെ ലഭ്യമാണ്. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള പരിശോധനകളും മരുന്നുകളും സൗജന്യമായി നൽകുന്നത് സാധാരണക്കാരുടെ

ചികിത്സാചെലവ് ഗണ്യമായി കുറയ്ക്കും. ഒരു ദശാബ്ദം മുമ്പ് ഒ.പി. വിഭാഗത്തിലെ തിരക്ക് വലിയ പരാതിയും പരാധീനതയുമായിരുന്നു. ഇപ്പോൾ മാസത്തിൽ ശരാശരി 42,000 പേർക്ക് ഒ.പി. പരിശോധനകൾ നടത്തുന്നു. സേവനങ്ങളുടെ ക്രമീകരണവും വിഭാഗീകരണവും മെച്ചപ്പെട്ടതോടെ രോഗികൾക്ക് കാത്തിരിപ്പ് സമയം കുറയുകയും ചികിത്സയുടെ ഗുണമേന്മ ഉയരുകയും ചെയ്തു.




കഴിഞ്ഞ പത്ത് വർഷത്തിനിടെ 87,321 പേർക്ക് സൗജന്യ ഡയാലിസിസ് നൽകിയിരിക്കുന്നത് പൊതുജനാരോഗ്യ രംഗത്ത് വലിയ ഇടപെടലാണ്. മുൻപ് കിടപ്പുരോഗികൾക്ക് വീട്ടിൽ ചികിത്സ ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ പരിമിതമായിരുന്നു. ഇന്ന് പെരിട്ടോണിയൽ ഡയാലിസിസ് വിപുലമാക്കിയതിലൂടെ ഹോം കെയർ സേവനം സജീവമായി പ്രവർത്തിക്കുന്നു. ആശുപത്രി കേന്ദ്രീകൃത സേവനത്തിൽ നിന്ന് സമൂഹകേന്ദ്രീകൃത ആരോഗ്യപരിപാലനത്തിലേക്കുള്ള വലിയ മാറ്റം ഇതു വഴി സാധ്യമായിരിക്കുന്നു. പാലക്കാട് ജില്ലാ ആശുപത്രിയുടെ വികസന ചരിത്രത്തിൽ ഏറ്റവും നിർണായകമാകാൻ പോവുന്നത് 127 കോടി ചെലവിൽ കിഫ്ബി ഫണ്ടിൽ നിർമ്മാണം പുരോഗമിക്കുന്ന ആറ് നില കെട്ടിട സമുച്ചയമാണ്. ഇത് ഇവിടെ ഇതുവരെ നടപ്പാക്കിയതിൽ ഏറ്റവും ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ്. ഇതിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വാർഡ് സൗകര്യങ്ങളും അടിയന്തര ചികിത്സാ സംവിധാനങ്ങളും ഒരൊറ്റ കുടക്കീഴിൽ ഏകോപിപ്പിക്കപ്പെടും.












## നമ്മളറിയണം

ഹൃദയ സംബന്ധമായ അസുഖങ്ങൾ കൃത്യമായി നിർണ്ണയിക്കാനും ആൻജിയോഗ്രാം ആൻജിയോപ്ലാസ്റ്റി, പേസ്മേക്കർ സ്ഥാപിക്കൽ തുടങ്ങി ഹൃദയം തുറക്കാതെയുള്ള ശസ്ത്രക്രിയകൾ നടത്താനുമുള്ള സംവിധാനമാണ് കാത്ത്ലാബ്.

**എല്ലാ ജില്ലകളിലും സർക്കാർ ആശുപത്രികളിൽ കുറഞ്ഞ ചെലവിൽ കാത്ത്ലാബ് സൗകര്യം ഒരുക്കിയിരിക്കുന്നു**

**നമ്മുടെ സർക്കാർ.**












# കുടുംബത്തിന് തണലായി ആശ

തൃശൂർ: പതിവു ഭവന സന്ദർശനത്തിനിടയിൽ വാടക വീട്ടിൽ കണ്ടുമുട്ടിയതാണ് 7 മാസം ഗർഭിണിയായ യുവതിയെ. അവരുടെ 18 മാസം പ്രായമുള്ള ആൺ കുഞ്ഞ് തറയിൽ ഒരു തുണി പോലും വിരിക്കാത്ത നിലത്ത് കിടന്നുറങ്ങുന്നു. കുലുക്കി വിളിച്ചിട്ടും കുഞ്ഞ് ഉണരാത്തതു കണ്ടതിൽ നിന്നും ക്ഷീണം കൊണ്ട് തളർന്നുറങ്ങുന്നതാണെന്ന് ബോധ്യമായി. അമ്മയോട് സംസാരിച്ചപ്പോൾ ഗർഭിണിയായ അമ്മയും കുഞ്ഞും ഭക്ഷണമൊന്നും കഴിച്ചിട്ടില്ലെന്ന് അറിഞ്ഞു. വീടിനകം കണ്ടപ്പോൾ അവിടെ ദിവസങ്ങളായി ഭക്ഷണമൊന്നും പാചകം ചെയ്ത ലക്ഷണവും ഇല്ല. കൂലിപണിക്കാരനായ ഭർത്താവ് വാങ്ങി കൊണ്ടു വരുന്ന ഭക്ഷണമാണ് കഴിക്കുന്നതെന്ന് അവർ പറയുകയുണ്ടായി. എന്നാൽ ആശുപത്രിയിൽ പരിശോധനയ്ക്ക് പോകുന്നതിനോ കുഞ്ഞിന് ആവശ്യത്തിന് ഭക്ഷണം നൽകുന്നതിനോ അവർക്ക് സാധിച്ചിരുന്നില്ല. മതിയായ വസ്ത്രങ്ങളോ കിടക്കുന്നതിന് പായയോ ഒന്നും ആ വീട്ടിൽ ഇല്ലായിരുന്നു. ഇതു മനസ്സിലാക്കിയ ആശ ബബിമോളുടെ സമയോചിതമായ ഇടപെടലിലൂടെ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടു കൂടി കുഞ്ഞിനെ മായന്നൂരിലുള്ള 'തണൽ' ബാലാശ്രമത്തിലും അമ്മയെ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ചു. നന്മകളും ഉത്തരവാദിത്തബോധവും ഒന്നിക്കുമ്പോൾ തെളിയുന്നത് കരുതലിന്റെയും കൈത്താങ്ങിന്റെയും വഴികളാണ്. ഇതുപോലെ ഒട്ടേറെ അനുഭവങ്ങൾ പറയാനുണ്ടാകും ആശമാർക്ക്.

# അഭിമാനമായി ആശാ സംഗമം 2026




തിരുവനന്തപുരം: ആശമാർ വെൽ ട്രെയിൻഡ് നേഴ്സുമാരാണെന്നു പി.കെ.ശ്രീമതി ടീച്ചർ. തിരുവനന്തപുരം നിശാഗന്ധിയിൽ വെച്ച് നടന്ന ആശാ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അവർ. 2010 ൽ ആശാ പദ്ധതി കേരളത്തിൽ ആരംഭിച്ച ആരോഗ്യ വകുപ്പ് മന്ത്രി എന്ന നിലയിൽ ആശമാർക്ക് സുപരിചിതയായ ടീച്ചറുടെ വാക്കുകൾ നിറഞ്ഞ കയ്യടിയോടെയാണ് ആശമാർ സ്വീകരിച്ചത്. നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1600 ലധികം ആശമാർ പങ്കെടുത്തു. കെ.എസ്.ആർ.ടി.സി യുമായി സഹകരിച്ചു 14 ജില്ലകളിൽ നിന്നുമായി തലസ്ഥാന നഗരിയിലേക്ക് കെ.എസ്.ആർ.ടി.സി ബസ്സിൽ ആശമാർ വന്നിറങ്ങിയത് വേറിട്ട അനുഭവമായി മാറി.

എല്ലാ ദിവസവും രാവിലെ മുതൽ ആരംഭിക്കുന്ന തിരക്കേറിയ ജോലികളിൽ നിന്ന് ഒരു ദിവസം മാറി നിന്ന് പാട്ടും, നൃത്തവും, വർത്തമാനങ്ങളുമായി നിശാഗന്ധിയിൽ ആശമാർ ഒത്തുകൂടിയപ്പോൾ അക്ഷരാർത്ഥത്തിൽ തലസ്ഥാന നഗരം ഒരു കലാമാമാങ്കത്തിന് സാക്ഷ്യം വഹിക്കുകയായിരുന്നു.

രാവിലെ 10 മണിക്ക് ആരംഭിച്ച പരിപാടിയിൽ 14 ജില്ലകളിൽ നിന്നെത്തിയ ആശമാരുടെ നിരവധി കലാപരിപാടികൾ അരങ്ങേറി.ജില്ലകളുടെ പ്രാധാന്യം വിളിച്ചോതുന്ന തരത്തിൽ വിസ്മയകരമായ പ്രകടനങ്ങളായിരുന്നു ഓരോ ജില്ലകളും കാഴ്ച്ച വെച്ചത്. അട്ടപ്പാടിയിൽ നിന്നുള്ള ഹാംലെറ്റ് ആശമാരുടെ തനത് കലാരൂപവും, തൃശ്ശൂർ ജില്ലയിലെ ആശമാർ അവതരിപ്പിച്ച നാടകവും ഏറെ ശ്രദ്ധേയമായി. തൃശ്ശൂർ ജില്ലയിലെ ആശമാരുടെ ശിങ്കാരിമേളവും ചടങ്ങിന് കൊഴുപ്പേകി.

രാവിലെ നടന്ന ചടങ്ങിൽ ഏറ്റവും മുതിർന്ന ആശ പ്രവർത്തകരെ ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ ഐ.എ.എസ് ന്റെ നേതൃത്വത്തിൽ ആദരിച്ചു. ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടർ രാഹുൽ കൃഷ്ണ ശർമ ഐ.എ.എസ്, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.കെ ജെ റീന, അഡീഷണൽ ഡയറക്ടർമാരായ ഡോ.കെ പി റീത്ത, ഡോ.വി. മീനാക്ഷി, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. ബിന്ദു മോഹൻ , ആരോഗ്യകേരളം സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ബിജോയ് ഇ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അനോജ്, ആരോഗ്യകേരളം ചൈൽഡ് ഹെൽത്ത് നോഡൽ ഓഫിസർ ഡോ.രാഹുൽ യു.ആർ, ആശ പ്രോഗ്രാം നോഡൽ ഓഫിസർ സീന .കെ.എം എന്നിവർ പരിപാടിയിൽ സംസാരിച്ചു.




















ആശാ
സംഗമം
2026


ആശാ
സംഗമം
2026




## അർബുദത്തെ പ്രതിരോധിക്കാൻ

# സി.സി.ആർ.സിയിൽ അത്യാധുനിക മന്ദിരം




എറണാകുളം : അർബുദത്തെ പ്രതിരോധിക്കാൻ പൊതുജനങ്ങളുടെ ശക്തമായ പിന്തുണയും സഹകരണവും ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കളമശ്ശേരിയിലെ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ (സി.സി.ആർ.സി) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിന്റെ ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് വഴിയൊരുക്കിയ കൊച്ചി കാൻസർ റിസർച്ച് സെന്ററിന്അത്യാധുനിക സൗകര്യങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്ന കേന്ദ്രമാണ് സജ്ജമായിരിക്കുന്നത്. കളമശ്ശേരി മെഡിക്കൽ കോളേജ് കാമ്പസിലെ 12.63 ഏക്കർ സ്ഥലത്ത് 6.3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് കൊച്ചിൻ ക്യാൻസർ സെന്ററിന്റെ അത്യാധുനിക മന്ദിരം നിർമ്മിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പ്രത്യേക താത്പര്യപ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള രോഗനിർണ്ണയ സംവിധാനങ്ങളും അത്യാധുനിക ഗവേഷണ ലാബുകളും വിപുലമായ അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കിയ കെട്ടിടം നിർമിച്ചിരിക്കുന്നത്. 449 കോടി രൂപയാണ് നിർമ്മാണ ചെലവ്. 2016 നവംബറിൽ ചെറിയതോതിൽ പ്രവർത്തനം ആരംഭിച്ച കൊച്ചിൻ ക്യാൻസർ സെന്റർ ഇപ്പോൾ മധ്യകേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട അർബുദ ചികിത്സാ കേന്ദ്രമായി മാറിയിട്ടുണ്ട്.

അർബുദ രംഗത്ത് കേരളത്തിൽ ആദ്യം ഉണ്ടായിരുന്ന പ്രധാന ചികിത്സാ കേന്ദ്രം തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ ആയിരുന്നു. പിന്നീട് മലബാർ ക്യാൻസർ സെന്ററും നിലവിൽ വന്നു. അതിന്റെ തുടർച്ചയിലാണ് ഇപ്പോൾ മധ്യകേരളത്തിൽ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ യാഥാർത്ഥ്യമായിരിക്കുന്നത് – മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ആമുഖപ്രഭാഷണം നടത്തി.

സി.സി.ആർ.സി സ്പെഷ്യൽ ഓഫീസറും സിയാൽ എം.ഡിയുമായ എസ്. സുഹാസ് പദ്ധതി റിപ്പോർട്ട് അവതരിപ്പിച്ചു. ലോക ബാങ്ക് സൗത്ത് ഈസ്റ്റ് ഏഷ്യ ലീഡ് ആതിഫ് സയിദ് സി.സി.ആർ.സി ഡയറക്ടർ ഡോ. പി. ജി. ബാലഗോപാലിന് ഗ്രീൻ ബിൽഡിംഗ് സർട്ടിഫിക്കറ്റ് കൈമാറി.

എം.എൽ.എമാരായ കെ.എൻ ഉണ്ണികൃഷ്ണൻ, അൻവർ സാദത്ത്, കെ. ബാബു, ആന്റണി ജോൺ, ഉമാ തോമസ്, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖൊബ്രഗഡെ, ജില്ലാ കളക്ടർ ജി.പ്രിയങ്ക, കളമശ്ശേരി നഗരസഭ ചെയർമാൻ ജമാൽ മണക്കാടൻ, കൗൺസിലർ കെ. ബി ബാബുരാജ്, ഇൻകെൽ എം.ഡി കെ. ഇളങ്കോവൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

എറണാകുളം, തൃശൂർ, പാലക്കാട്, ഇടുക്കി തുടങ്ങി വിവിധ ജില്ലകളിലെ ജനങ്ങൾക്ക് ക്യാൻസർ രോഗനിർണയത്തിനും ഏറ്റവും ഗുണനിലവാരമുള്ള ചികിത്സയ്ക്കും ആശ്രയിക്കാവുന്ന പൊതുജനാരോഗ്യകേന്ദ്രമെന്ന ലക്ഷ്യം നിറവേറ്റപ്പെടുകയാണ് സംസ്ഥാനത്ത് ക്യാൻസർ പ്രതിരോധത്തിനുള്ള ഗവേഷണവും പരിശീലനപരിപാടികളും ഏറ്റെടുക്കുന്ന ചികിത്സാകേന്ദ്രം കൂടിയാണ്സി സി. ആർ.സി.

### കാൻസർ ചികിത്സയിൽ സംസ്ഥാനം മാതൃക : വീണാ ജോർജ്

എറണാകുളം : രാജ്യത്ത് തന്നെ ഏറ്റവും കുറഞ്ഞ നിരക്കിൽ ക്യാൻസർ മരുന്നുകൾ ലഭ്യമാക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്. കളമശ്ശേരി കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ഉദ്ഘാടന സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

ക്യാൻസർ രോഗത്തെ പ്രതിരോധിക്കുന്നതിനായി 2024 ഫെബ്രുവരിയിൽ സർക്കാർ ആരംഭിച്ച ജനകീയ കാമ്പയിന്റെ ഭാഗമായി ഇതിനോടകം 22 ലക്ഷം പേർ പരിശോധനകളിൽ പങ്കാളികളായിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 885 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്ക്രീനിംഗ് സംവിധാനം പ്രവർത്തിച്ചു വരുന്നു.

സാധാരണക്കാർക്ക് ചികിത്സാ ചെലവ് ഭാരമാകാതിരിക്കാൻ കാരുണ്യ പദ്ധതി വഴി മൂന്ന് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. കൂടാതെ, വലിയ വില വരുന്ന മരുന്നുകൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിനായി സംസ്ഥാനത്തെ 72 കാരുണ്യ ഫാർമസികളിൽ 'സീറോ പ്രോഫിറ്റ് കൗണ്ടറുകളും' പ്രവർത്തിക്കുന്നുണ്ടെന്നും ക്യാൻസർ രോഗികൾക്ക് പുറമെ അവയവമാറ്റം കഴിഞ്ഞവർക്കും കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കി ആരോഗ്യ മേഖലയിൽ വലിയൊരു മാതൃകയാണ് സംസ്ഥാനം മുന്നോട്ട് വെക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ആർദ്രം – രണ്ടാം നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്ത പ്രധാന ലക്ഷ്യങ്ങളിലൊന്നായ ക്യാൻസർ പ്രതിരോധത്തിനായി ഗർഭാശയ ക്യാൻസർ തടയാനുള്ള എച്ച്.പി.വി വാക്സിനേഷൻ പദ്ധതിയും സർക്കാർ നടപ്പിലാക്കുന്നുണ്ട്. ക്യാൻസറിനെ പ്രതിരോധിക്കുന്നതിനുള്ള ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന റോബോട്ടിക് സർജറി, കാർ–ടി സെൽ തെറാപ്പി തുടങ്ങിയ അത്യാധുനിക ചികിത്സകൾ സാധാരണക്കാർക്ക് സാമ്പത്തിക ബാധ്യതയില്ലാതെ സർക്കാർ സംവിധാനത്തിലൂടെ ലഭ്യമാക്കുകയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.



# കരുതലോടെ കോതമംഗലം താലൂക്ക് ആശുപത്രി

എറണാകുളം: ആധുനിക സൗകര്യങ്ങളിലേക്കുള്ള മാറ്റത്തിന്റെ കുതിപ്പിൽ കോതമംഗലം താലൂക്ക് ആശുപത്രി. കോതമംഗലം നഗരത്തിലെയും പത്ത് പഞ്ചായത്തുകളിലെയും തീർത്തും സാധാരണക്കാരായ ജനങ്ങളും ആദിവാസി ഗോത്ര സമൂഹവും ഉൾപ്പെടെ പ്രധാനമായും ആശ്രയിക്കുന്ന ആരോഗ്യ കേന്ദ്രമാണ് താലൂക്ക് ആശുപത്രി. അതുകൊണ്ടുതന്നെ ആശുപത്രിയുടെ വികസനത്തിനായി ആർദ്രം മിഷനിലൂടെ വിവിധ പദ്ധതികളാണ് യാഥാർത്ഥ്യമാക്കി വരുന്നത്.

ഹൈറേഞ്ചിന്റെ കവാടം കൂടിയായ കോതമംഗലത്തേക്ക് അടിമാലിയിൽ നിന്നും 47 കിലോമീറ്ററാണ് ദൂരം. രണ്ടു ജില്ലകളിലെ ആദിവാസി ഗോത്രവിഭാഗങ്ങളിലെ ജനങ്ങളുടെ ആശ്രയമായ ആശുപത്രിയിൽ ഏറ്റവും മികച്ച ചികിത്സ ഉറപ്പുവരുത്താനുള്ള നയത്തിന്റെ ഭാഗമായാണ്വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നത്

കിഫ്ബി പ്രൊജക്ടിന്റെ ഭാഗമായി 11.15 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ്ആശുപത്രിയിൽ നടപ്പിലാക്കിവരുന്നത്ആദ്യഘട്ട നിർമ്മാണത്തിൽ ഓപ്പറേഷൻ തീയറ്ററും ലേബർ റൂമും ആധുനിക രീതിയിൽ നവീകരിച്ചു. നേത്ര ശസ്ത്രക്രിയക്കായി ഓപ്പറേഷൻ തിയേറ്റർ, പോസ്റ്റ്ഓപ്പറേറ്റീവ് വാർഡ് ഉൾപ്പെടെ ഒഫ്താൽമിക് തിയേറ്റർ കോംപ്ലക്സ്, നവജാത ശിശുക്കൾക്കും അമ്മമാർക്കും വേണ്ടിയുള്ള പോസ്റ്റ്നേറ്റൽ വാർഡ്, പുതിയ സബ്സ്റ്റേഷൻ, ആശുപത്രിയിലെ മുഴുവൻ കെട്ടിടങ്ങൾക്കും ഫയർ പൈപ്പ് ലൈൻ ഉൾപ്പെടുന്ന ആധുനിക അഗ്നിശമന സംവിധാനം, നവീകരിച്ച മെഡിക്കൽ ഗ്യാസ് പ്ലാന്റ് എന്നീ പ്രധാന സംവിധാനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി പുരോഗമിക്കുന്നു.

ആർദ്രം ദൗത്യത്തിന്റെ ഭാഗമായി 3 കോടി രൂപ ചിലവഴിച്ച് ഒ പി ബ്ലോക്ക് ആധുനിക നിലവാരത്തിൽ നവീകരിച്ചാണ് വികസന പ്രവർത്തനങ്ങൾക്ക്തുടക്കമിട്ടത് ഡയാലിസിസ് സെന്റർ കം കാഷ്വാലിറ്റി ബ്ലോക്ക്മുറ്റം നവീകരണം, ചുറ്റുമതിൽ, ലാബ് നവീകരണം, ആശുപത്രി ഇന്റർലോക്ക് വിരിക്കൽ തുടങ്ങിയ പ്രവൃത്തികളും നടത്തി.

കേരളത്തിൽ തന്നെ താലൂക്കാശുപത്രികളിൽ അപൂർവ്വമായി നടക്കുന്ന മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലൂടെ കോതമംഗലം താലൂക്ക് ആശുപത്രി അഭിമാനകരമായ നേട്ടവും കൈവരിച്ചിട്ടുണ്ട്. വിശപ്പുരഹിത ആശുപത്രി പദ്ധതി വിജയകരമായി നടപ്പാക്കുന്നുണ്ട്. പദ്ധതിക്കാവശ്യമായ പച്ചക്കറികളിൽ ഒരു പങ്ക് ഇനി ആശുപത്രി കോമ്പൗണ്ടിൽ നിന്നുതന്നെ ലഭിക്കുന്ന വിധത്തിൽ പച്ചക്കറിത്തോട്ടവും സജ്ജമാക്കിയിട്ടുണ്ട് കോതമംഗലം താലൂക്ക് ആശുപത്രിയുടെ മുഖച്ഛായ തന്നെ മാറ്റുന്ന തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങളാണ് ആശുപത്രിയിൽ നടപ്പിലാക്കുന്നത്.







രാജ്യത്ത് ആദ്യമായി ഒരു ജില്ലാ ആശുപത്രിയിൽ ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ നടത്തിയ ആശുപത്രി, ആദ്യമായി വൃക്ക മാറ്റിവെച്ച ജില്ലാ ആശുപത്രി, രാജ്യത്ത് ഏറ്റവും കൂടുതൽ ഡയാലിസിസ് നടക്കുന്ന സർക്കാർ ആശുപത്രി, ആൻജിയോ പ്ലാസ്റ്റി ഉൾപ്പെടെയുള്ള സർജറികൾ 24 മണിക്കൂറും നടത്തുന്ന ആശുപത്രി, രണ്ട് കാത്ത് ലാബുകൾ പ്രവർത്തിക്കുന്ന ആശുപത്രി, രോഗികൾക്ക് മൂന്നു നേരവും സൗജന്യ ഭക്ഷണം നൽകുന്ന ആശുപത്രി...

**പറഞ്ഞാൽ തീരില്ല, എറണാകുളം ജനറൽ ആശുപത്രിയിലെ മാറ്റങ്ങൾ...**

















## വികസനത്തിന്റെ 5 വർഷങ്ങൾ

# ആരോഗ്യ മോഡൽ തീർത്ത് ഇടുക്കി







### ഇടുക്കി മെഡിക്കൽ കോളേജ്

ഇടുക്കി: ഇടുക്കി ജില്ലയുടെ ചിരകാല സ്വപ്നമായ മെഡിക്കൽ കോളേജ് അതിന്റെ പൂർണ്ണതയിലേക്കുള്ള സഞ്ചാരം തുടരുന്നു. വിവിധ സേവന ക്ലിനിക്കുകളും സ്പെഷ്യാലിറ്റി ഒ.പികളും പൂർത്തിയായതിനോടൊപ്പം അടിസ്ഥാന സൗകര്യ വികസനത്തിലും ഈ കാലയളവിൽ ഇടുക്കി മെഡിക്കൽ കോളേജ് മുന്നേറുകയാണ്.

### ഡയാലിസിസ് യൂണിറ്റ്

ജില്ലയിലെ എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും വിപുലമായ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയുള്ള ഡയാലിസിസ് യൂണിറ്റുകൾ പൂർത്തിയായി.

**സബ്സെന്ററുകളെ** ജനകീയാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി ജില്ലയിൽ 309 സെന്ററുകളുടെ വികസനം സാധ്യമായി. ഇതിൽ 55 സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങളിൽ വളർച്ച കൈവരിച്ചു.

**പ്രാഥമികരോഗ്യ കേന്ദ്രങ്ങളെ** കുടുംബാരോഗ്യകേന്ദ്രങ്ങളായ് ഉയർത്തി പ്രാഥമികരോഗ്യകേന്ദ്രങ്ങളെ കുടുബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ നേട്ടം കൈവരിച്ചു.

### ജില്ലാ താലൂക്ക് ആശുപത്രികളുടെ വികസനം

ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രി, പീരുമേട്, നെടുങ്കണ്ടം, കട്ടപ്പന, അടിമാലി താലൂക്ക് ആശുപത്രികളിലും മികച്ച അടിസ്ഥാന സൗകര്യമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. 143 കോടി രൂപ ചിലവഴിച്ച് നെടുങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്ന പ്രവർത്തനം അവസാനഘട്ടത്തിലാണ്. കൂടാതെ പീരുമേട് താലൂക്ക് ആശുപത്രിയുടെ വികസനവും ലേബർ റൂമും ഓപ്പറേഷൻ തീയേറ്ററും ഈ കാലഘട്ടത്തിൽ കൈവരിച്ച നേട്ടമാണ്.

### ഇടമലക്കുടിയിൽ കുടുംബാരോഗ്യകേന്ദ്രം

ആദ്യ ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ആദ്യമായി ഒരു കുടുംബാരോഗ്യകേന്ദ്രമെന്ന ലക്ഷ്യം പൂർത്തിയായത് ഇടുക്കി ജില്ലയുടെ ആരോഗ്യമേഖലയിലെ ഒരു മികച്ച കാൽവയ്പ്പാണ്. പൂർത്തിയാകുന്ന എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ കുടുംബോരോഗ്യകേന്ദ്രങ്ങളും ജനകീയാരോഗ്യകേന്ദ്രങ്ങളും ജില്ലയിലെ ആരോഗ്യമേഖലയുടെ സമാനതകളില്ലാത്ത കാലത്തിന്റെ ഓർമപ്പെടുത്തലാണ്. ഇതോടൊപ്പം ഇടുക്കി ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങളിൽ അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളുടെ സ്ഥാപനവും അടിസ്ഥാന സൗകര്യവികസനവും ഈ കാലഘട്ടത്തിൽ നടന്നു.

### റെയ്സ് ടു ഹെൽത്ത് : ഓടി ഓടി ആരോഗ്യത്തിലേയ്ക്ക്

ഇടുക്കി : ജില്ലയിലെ 36 കോളേജുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന റെയ്സ് ടു ഹെൽത്ത് വൈബ് ഫോർ വെൽനസ് കാമ്പയിൻ ബ്ലോക്ക് തല പരിപാടികൾ പൂർത്തിയായി. ജില്ലയിലെ 7 ഹെൽത്ത് ബ്ലോക്കുകൾ കേന്ദ്രീകരിച്ചാണ് 36 കോളേജുകളിലെ വിദ്യാർത്ഥികൾക്കായി ശാരീരികാധ്വാനം പ്രോത്സാഹിപ്പിക്കുന്നതും മികച്ച മാനസീകാരോഗ്യം കൈവരിക്കുന്നതും ആയ പദ്ധതികൾ ആസുത്രണം ചെയ്തു കൊണ്ട് കാമ്പയിൻ നടപ്പാക്കുന്നത്. മികച്ച പരിപാടികളാണ് വിവിധ മേഖലയിലെ 7 ക്യാമ്പസുകളിൽ നടന്നത്. വിദ്യാർത്ഥികൾക്കായി ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിന്റെ സഹകരണത്തോടെ ഫുട്ബോൾ, ബാഡ്മിന്റൺ മത്സരങ്ങൾ നടത്തി. കൂടാതെ കോളേജ് സ്റ്റാഫ് അംഗങ്ങൾക്കായി സൂംബ മത്സരവും, റീൽസ് മത്സരവും നടന്നു. തുടർന്ന് 7 ബ്ലോക്ക്തല വിജയികൾക്കായുള്ള മെഗാ ഫൈനൽ കുട്ടിക്കാനം മരിയൻ ക്യാമ്പസിൽ നടക്കും.
















# ക്ഷയരോഗ നിവാരണത്തിൽ മുന്നേറ്റത്തിനൊരുങ്ങി ഇടുക്കി



ഇടുക്കി : ആദിവാസി മേഖലകളിൽ ക്ഷയരോഗ നിർമ്മാർജനത്തിന് ഊർജ്ജം പകർന്ന് ഹാൻഡ് ഹെൽഡ് എക്സ്റേ യൂണിറ്റ് ഇടുക്കിയിൽ പ്രവർത്തനം ആരംഭിച്ചു. ജില്ലയ്ക്കായി അനുവദിച്ച മെഷീന്റെ പ്രവർത്തനം പ്ലാക്കത്തടം ആദിവാസി ഉന്നതിയിൽ നിന്ന് ആരംഭിച്ചു.

ജില്ലയിലെ വിവിധ പിന്നോക്ക മേഖലകളിലും ആദിവാസി ഉന്നതികളിലുമാണ് ഹാൻഡ് ഹെൽഡ് എക്സ്റേയുടെ സേവനം ലക്ഷ്യമിടുന്നത്. അതാത് മേഖലകളിലെ ആദിവാസി മൂപ്പൻമാരുടേയും സാമൂഹിക നേതാക്കളുടേയും സഹകരണത്തോടെ പ്രസ്തുത മെഷീൻ ഉപയോഗിച്ച് സ്ക്രീനിംഗ് നടത്തും. പദ്ധതിയുടെ ആദ്യ ക്യാമ്പിനാണ് 18/02/2026 ന് പീരുമേട് താലൂക്കാശുപത്രിയുടെ മേഖലയായ പ്ലാക്കത്തടം ഉന്നതിയിൽ തുടക്കം കുറിച്ചത്. ജില്ലാ ടി.ബി സെന്ററിന്റെയും പീരുമേട് താലൂക്ക് ആശുപത്രിയുടെയും സംയുക്ത ആഭിമുഖ്യത്തിലെ പരിപാടിയ്ക്ക് ജില്ലാ ഭരണകൂടത്തിന്റെ പിന്തുണയും ഉറപ്പാക്കി. 56 പേർ പങ്കെടുത്ത ആദ്യ ക്യാമ്പ് ഹാൻഡ് ഹെൽഡ് എക്സ്റേ ഉപയോഗിക്കുന്നതിന്റെ പ്രായോഗികമായ ഫലപ്രാപ്തി വിലയിരുത്താവുന്ന ഒന്നായി മാറി. തുടർന്ന് ജില്ലയിലെ വിവിധ പിന്നോക്ക മേഖലയിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനാണ് ആരോഗ്യവകുപ്പ് ലക്ഷ്യമിടുന്നത്.







# കാൻസറിനെതിരെ ശക്തമായ കാവൽ

കോട്ടയം: കോട്ടയം ജില്ലയിലെ സർക്കാർ ആരോഗ്യ സംവിധാനങ്ങൾ സജ്ജം. ക്യാൻസർ പോലുള്ള ഗുരുതര രോഗങ്ങൾ നേരത്തെ കണ്ടെത്തുകയും സമയബന്ധിതമായി ചികിത്സ നൽകുകയും ചെയ്യുന്നത് വളരെ പ്രധാനമാണ്. ജില്ലയിൽ സർക്കാർ സംവിധാനത്തിൽ മെഡിക്കൽ കോളേജിലെ ക്യാൻസർ കെയർ സെന്റർ മാത്രമായിരുന്നു 2018 വരെ ക്യാൻസർ നിർണയവും ചികിത്സയും നടത്തിയിരുന്നത്. എന്നാൽ 2018 ജനുവരി മുതൽ പാലാ ജനറൽ ആശുപത്രിയിൽ ഡോക്ടർ ശബരിനാഥ് പി. എസ്–ന്റെ നേതൃത്വത്തിൽ കാൻസർ ഒ. പി സേവനങ്ങൾ ആരംഭിച്ചു. കോവിഡ് കാലഘട്ടത്തിൽ രോഗികൾക്ക് യാത്രാ നിയന്ത്രണവും മറ്റു മൂലം കോട്ടയം മെഡിക്കൽ കോളജ്, റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം എന്നിവിടങ്ങളിൽ ചികിത്സയ്ക്കായി പോകുന്നത് വളരെ ബുദ്ധിമുട്ടേറിയ ഒന്നായിരുന്നു. തദവസരത്തിൽ പാലാ ജനറൽ ആശുപത്രിയിലെ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ മുകളിലത്തെ നിലയിൽ പതിനായിരം സ്ക്വയർ ഫീറ്റ് ഏരിയ പൂർണ്ണമായും കാൻസർ കെയർ ചികിത്സയ്ക്കായി രൂപപ്പെടുത്തി എടുത്തു.

പെയിൻ ആൻഡ് പാലിയേറ്റീവ് രോഗികളുടെ വെയിറ്റിംഗ് ഏരിയ, ഡേ കെയർ കീമോതെറാപ്പി ആൺ–പെൺ ന്യൂട്രോഫീലിയ ഐസോലേഷൻ റൂം, ഐ.സി.യു തുടങ്ങിയ വിവിധ സംവിധാനങ്ങൾക്കൊപ്പം യൂണിറ്റിൽ തന്നെ നിർധന രോഗികൾക്കായി സാമ്പത്തിക സഹായം നൽകുന്ന ആരോഗ്യ ഇൻഷുറൻസ് (കാരുണ്യ) കൗണ്ടർ ഉൾപ്പെടെ സജ്ജീകരിച്ചു. പ്രത്യേക ബ്ലോക്കായി രൂപീകരിക്കപ്പെട്ടപ്പോൾ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം വളരെയധികം വർദ്ധിച്ചു. ചികിത്സാ നിർണ്ണയവും ഒപ്പം അനുബന്ധ സേവനങ്ങളും ഒന്നിച്ച് നൽകുന്നതിന് പര്യാപ്തമായ രീതിയിൽ രൂപപ്പെടുത്തിയത് മൂലം കോട്ടയം മെഡിക്കൽ കോളജിലെ ക്യാൻസർ കെയർ സെന്റർ എത്തുന്ന രോഗികളുടെ തിരക്ക് ക്രമീകരിക്കാൻ സാധിച്ചു. പ്രതിവർഷം 250–ഓളം പുതിയ കേസുകൾ ഈ ആശുപത്രിയിൽ കണ്ടെത്തുകയും ചികിത്സ നൽകിവരികയും ചെയ്യുന്നുണ്ട്. എല്ലാവിധ കീമോതെറാപ്പി ചികിത്സയും പൂർണമായും ഇവിടെ ചെയ്തു വരുന്നു. (കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ഇമ്മ്യൂണോ തെറാപ്പി തുടങ്ങിയവ).

ആരോഗ്യവകുപ്പിന്റെ കീഴിൽ (DHS) കീമോമോതെറാപ്പിയിൽ സൗജന്യമായി മരുന്ന് നൽകുന്ന 28 ആരോഗ്യ സ്ഥാപനങ്ങളിൽ ഒന്നാണ് പാലാ ജനറൽ ആശുപത്രിയിലെ ക്യാൻസർ കെയർ വിഭാഗം.

പുതിയതായി കണ്ടെത്തുന്ന ക്യാൻസർ രോഗികളിൽ 50% പേർക്ക് എങ്കിലും റേഡിയേഷൻ ചികിത്സ ആവശ്യമായി വരാറുണ്ട് 2020–21 കാലഘട്ടത്തിൽ കോട്ടയം ജില്ലയിൽ സർക്കാർ സംവിധാനത്തിൽ മെഡിക്കൽ കോളജും, പ്രൈവറ്റിൽ കാരിത്താസ് ആശുപത്രിയും മാത്രമാണ് റേഡിയേഷൻ ചികിത്സ നൽകിയിരുന്നത്. റേഡിയേഷൻ വേണ്ട രോഗികളിൽ 90%ത്തോളം പേരും മെഡിക്കൽ കോളജിനെയാണ് ആശ്രയിച്ചിരുന്നത്. 10% ശതമാനം ആളുകൾ പ്രൈവറ്റ് ആശുപത്രിയെയും വളരെ കുറച്ചുപേർ മാത്രം റീജിയണൽ ക്യാൻസർ സെന്ററിനെയും ആശ്രയിച്ചിരുന്നു. റേഡിയേഷൻ ചികിത്സ അടുപ്പിച്ചുള്ള ദിവസങ്ങളിൽ നടക്കുന്ന ഒന്നായതിനാലും, യാത്രാ ചെലവും ശാരീരിക വിഷമതയും രോഗികൾക്ക് പ്രശ്നമായതിനാൽ ആളുകൾക്ക് ദൂരെ പോയി ചികിത്സ എടുക്കുന്നത് ബുദ്ധിമുട്ടായിരുന്നു. ഈ സാഹചര്യത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന ക്യാൻസർ കോട്ടയം പദ്ധതിയുടെ ഭാഗമായി 2022ൽ 1.5 കോടി രൂപയും പാല നഗരസഭയുടെ 2002–23 ബഡ്ജറ്റിൽ ഉൾപ്പെടുത്തി 2.02 കോടി രൂപയും ചേർന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖാന്തരം റേഡിയേഷൻ മെഷീൻ വാങ്ങിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിരിക്കുകയാണ്.

ഒരു റേഡിയേഷൻ ഓങ്കോളജി ഡിപ്പാർട്ട്മെന്റിൽ തന്നെ പ്രത്യേകം സജ്ജീകരിക്കുന്നതിനായി എം. പി ഫണ്ടിൽ നിന്നും 2.45 കോടിയും ദേശീയ ആരോഗ്യ ദൌത്യം പദ്ധതി വഴി 1 കോടി രൂപയും ചേർത്ത് അടങ്കൽ നടപ്പാക്കാൻ 3.45 കോടി രൂപയുടെ കെട്ടിട നിർമ്മാണം ഏകദേശം പൂർത്തീകരണ വേളയിലാണ്.

കേരള സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ബഡ്ജറ്റ് അഞ്ചു കോടി രൂപ പാലാ ജനറൽ ആശുപത്രിയിലെ ഓങ്കോളജി വിഭാഗത്തിന് അനുവദിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയ്ക്ക് പുറമേ പ്രധാനമായും ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലയിലെ ക്യാൻസർ രോഗികളും ഈ സ്ഥാപനത്തിൽ എത്തിച്ചേരുന്നുണ്ട്. 2023 കാലഘട്ടത്തിൽ 254, 2024–ൽ 291, 2025–ൽ 348 പുതിയ രോഗികൾ ഇവിടെ നിന്നും സേവനം എടുത്തു. സ്കിൻ, ബ്രെസ്റ്റ്, തൈറോയ്ഡ് ക്യാൻസർ എന്നിവയ്ക്ക് ഇവിടെത്തന്നെ സർജറി ലഭ്യമാക്കുന്നുണ്ട്. ക്യാൻസർ ചികിത്സയിൽ പാലാ ജനറൽ ആശുപത്രിയിൽ ഇത്തരം സംവിധാനങ്ങൾ സൃഷ്ടിക്കപ്പെട്ടത് കൊണ്ട് കോട്ടയം മെഡിക്കൽ കോളേജിൽ തിരക്ക് കുറയ്ക്കുന്നതിനും അതോടൊപ്പം അതിവിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും മെഡിക്കൽ കോളേജിന് കൂടുതൽ കരുത്താകുവാനും സാധിക്കുന്നു.

## കോട്ടയത്തിന്റെ ആരോഗ്യകുതിപ്പ്

# 283.60 കോടിയുടെ വികസന പ്രവർത്തനങ്ങൾ നാടിന്

കോട്ടയം: കിഫ്ബിയിൽനിന്നും 257 കോടി രൂപ ചെലവിട്ടു നിർമിച്ച പുതിയ സർജിക്കൽ ബ്ളോക്ക് ഉൾപ്പെടെ കോട്ടയം മെഡിക്കൽ കോളജിലെ 15 വികസന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു . ആരോഗ്യരംഗത്ത് കോട്ടയം ജില്ലയിൽ അത്ഭുതകരമായ മാറ്റമാണ് പത്തുവർഷം കൊണ്ടുണ്ടായത്. അതിവിപുല സൗകര്യങ്ങളുള്ള സർക്കാർ മെഡിക്കൽ കോളേജ് മറ്റു ജനറൽ ആശുപത്രികൾ എന്നിവ ജില്ലയിലെ ആരോഗ്യരംഗത്തെ നേട്ടത്തിന് മുതൽ കൂട്ടാണ്. മെഡിക്കൽ കോളജ് അങ്കണത്തിൽ നടന്ന ചടങ്ങിൽ ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. 1150 കോടി രൂപയുടെ വികസനപ്രവർത്തനങ്ങളാണ് കഴിഞ്ഞ പത്തുവർഷം കൊണ്ട് കോട്ടയം മെഡിക്കൽ കോളജിൽ നടത്തിയതെന്നും കിഫ്ബി വഴി സർക്കാർ നൽകിയ പിന്തുണയിലൂടെയാണ് ഇതു സാധ്യമായതെന്നും ചടങ്ങിന് സ്വാഗതം ആശംസിച്ച സഹകരണ, തുറമുഖ, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു.

എ.ബി.സി. ബ്ലോക്കിൽ 74 ലക്ഷം രൂപ ചെലവിട്ടു നിർമിക്കുന്ന പുതിയ ടോയ്‌ലറ്റ് ബ്ലോക്കിന്റെ ശിലാസ്ഥാപനവും ചടങ്ങിൽ നടന്നു.

കോട്ടയം മെഡിക്കൽ കോളജിലെ 283.60 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ

1. കാത്ത് ലാബ് (7.88 കോടി രൂപ)
2. പാരാമെഡിക്കൽ ഹോസ്റ്റലിന്റെ പൂർത്തിയാക്കിയ ഒന്നാംഘട്ടം (ആറു കോടി രൂപ
3. കാൻസർ ബ്ലോക്കിലെ 32 സ്ലൈസ് സിടി സ്കാനിംഗ് സംവിധാനം (4.28 കോടി രൂപ)
4. നവീകരിച്ച പ്രധാന കവാടം (1.25 കോടി രൂപ)
5. ഗൈനക്കോളജി വിഭാഗത്തിൽ ഒരുക്കിയ മാതൃ നവജാത ശിശുപരിചരണ യൂണിറ്റ് ( 1.20 കോടി രൂപ)
6. സ്കിൻ ബാങ്ക് (64.57 ലക്ഷം രൂപ) ക്രഷ് (60 ലക്ഷം രൂപ)
7. ലാക്റ്റേഷൻ മാനേജ്മെന്റ് സെന്റർ (64.2 ലക്ഷം രൂപ)
8. സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചു സജ്ജമാക്കിയ കാർഡിയാക് റീഹാബലിറ്റേഷൻ യൂണിറ്റ്
9. കാർഡിയോളജി ആൻഡ് കാർഡിയോതൊറാസിക് ബ്ലോക്കിലെ ഉപകരണങ്ങൾ
10. എക്കോ മെഷീൻ
11. സി. ആം മെഷീൻ, വെൻറിലേറ്ററുകൾ






## ആരോഗ്യപൂർണ്ണം ആലപ്പുഴ

# വികസനമുറപ്പാക്കി ആശുപത്രികൾ

### അത്യാധുനിക സൗകര്യങ്ങളോടെ തുറവൂർ താലൂക്ക് ആശുപത്രി

ആറുനിലകളിലായി നിർമിക്കുന്ന തുറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമഘട്ടത്തിൽ. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയ 62 സെന്റ് സ്ഥലത്താണ് ഈ കെട്ടിടം നിർമ്മിക്കുന്നത്. നിർമാണ പ്രവൃത്തികളുടെ ഏകദേശം 95 ശതമാനവും പൂർത്തിയായിട്ടുണ്ട്. കിഫ്ബി ഫണ്ടിൽ നിന്ന് 51.40 കോടി രൂപ വിനിയോഗിച്ച് 6374.81 ചതുരശ്ര മീറ്റർ വിസ്തീർണത്തിലാണ് കെട്ടിടം ഉയരുന്നത്. അത്യാധുനിക ചികിത്സാ സൗകര്യങ്ങളോടെയാണ് ആശുപത്രി സജ്ജമാകുന്നത്.

1. ട്രോമാ കെയർ യൂണിറ്റ്
2. ഗൈനക്കോളജി വിഭാഗം
3. സി.ടി. സ്കാൻ, എക്സ്–റേ വിഭാഗങ്ങൾ
4. മൂന്ന് മേജർ ഓപ്പറേഷൻ തീയറ്ററുകൾ
5. മൂന്ന് നിലകളിലായി ഏകദേശം 150 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം
6. മൂന്ന് ലിഫ്റ്റുകൾ

നിർമാണം പൂർത്തിയാകുന്നതോടെ, അത്യാധുനിക ചികിത്സാ സൗകര്യങ്ങളോടെ ആലപ്പുഴ ജില്ലയിലെ മികച്ച സർക്കാർ ആശുപത്രികളിലൊന്നായി തുറവൂർ താലൂക്ക് ആശുപത്രി മാറും.

### ചെങ്ങന്നൂരിന്റെ മാറുന്ന മുഖച്ഛായ

ആരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് നിർമ്മിക്കുന്ന ജില്ലാ ആശുപത്രിയുടെ പുതിയ കെട്ടിട സമുച്ചയം നാടിന് സമർപ്പിക്കാൻ തയ്യാറെടുക്കുകയാണ്. ഏകദേശം 115 കോടി രൂപ ചെലവിൽ അത്യാധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്ന ഈ ആശുപത്രി സമുച്ചയത്തിന്റെ പ്രവൃത്തികൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്. 1943–ൽ സ്ഥാപിതമായ പഴയ കെട്ടിടത്തിന്റെ പരിമിതികൾ തിരിച്ചറിഞ്ഞ്, മികച്ച ചികിത്സാ സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്.

300 കിടക്കകൾ സജ്ജമാകുന്ന ഇവിടെ ഓരോ വിഭാഗത്തിനും പ്രത്യേകമായി അത്യാധുനിക മോഡുലർ ഓപ്പറേഷൻ തിയേറ്ററുകൾ ഉണ്ടാകും. എം സി റോഡ് ഉൾപ്പെടെയുള്ള പ്രധാന പാതകളിലെ വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തിരവും മികച്ചതുമായ ചികിത്സ ഉറപ്പാക്കാൻ വിപുലമായ ട്രോമ കെയർ യൂണിറ്റും സജ്ജമാക്കുന്നുണ്ട്. കൂടാതെ, പരിസ്ഥിതി സൗഹൃദമായ സോളാർ സംവിധാനവും ആശുപത്രിയുടെ ഭാഗമാകും.

ജില്ലാ ആശുപത്രിയെയും മാതൃ–ശിശു ആശുപത്രിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന മേൽക്കൂരയോടു കൂടിയ റാമ്പ് സംവിധാനവും ഇതിന്റെ പ്രത്യേകതയാണ്. പ്രവർത്തനം ആരംഭിക്കുന്നതോടെ സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ ജില്ലാ ആശുപത്രികളിൽ ഒന്നായി ചെങ്ങന്നൂർ ജില്ലാ ആശുപത്രി മാറും.

### വികസനം ഉറപ്പാക്കി മാവേലിക്കര ജില്ലാ ആശുപത്രി

സ്വകാര്യ മൾട്ടി സ്പെഷ്യലിറ്റി ആശുപത്രികളോടു കിടപിടിക്കുന്ന അടിസ്ഥാന സൗകര്യങ്ങളുമായി മാവേലിക്കര ജില്ലാ ആശുപത്രി ഒരുങ്ങുന്നു. കിഫ്ബിയിൽ നിന്നുള്ള 132 കോടി വിനിയോഗിച്ചു പണി കഴിപ്പിച്ച ഏഴുനില മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നത്. കെട്ടിട നിർമ്മാണത്തിന് 102.8 കോടി രൂപയും ആശുപത്രി ഉപകരണങ്ങളും ഫർണിച്ചറും വാങ്ങുന്നതിന് 28 കോടിയുമാണ് അനുവദിച്ചിരുന്നത്.

ഏഴു നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിൽ അത്യാധുനിക എമർജൻസി, തിയേറ്റർ സൗകര്യങ്ങളോടെയുള്ള അത്യാഹിത വിഭാഗം, സി.ടി സ്കാൻ, റേഡിയോളജി വിഭാഗം, ഒ.പി ടിക്കറ്റ് കൗണ്ടറുകൾ, കാത്തിരിപ്പ് കേന്ദ്രങ്ങൾ, ഫർമസി, ലാബ് കളക്ഷൻ കേന്ദ്രം എന്നിവയാണുള്ളത്.

ഒന്നാം നിലയിൽ ശീതീകരിച്ച 30 ഒ.പി. മുറികൾ ജനറൽ, മെഡിക്കൽ, സർജിക്കൽ എന്നീ വിഭാഗങ്ങൾക്കായി ക്രമീകരിച്ചിട്ടുണ്ട്. ആറ് രോഗികളുടെ കിടക്കകൾ ഒരു ക്യൂബിക്കിളിൽ എന്ന തോതിൽ 37 ക്യൂബിക്കിളുകളാണ് ഇരുനിലകളിലുമായുള്ളത്. കിടക്കകളിലെല്ലാം കേന്ദ്രീകൃത ഓക്സിജൻ വിതരണ സംവിധാനമുണ്ട്. നാലാംനിലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം, പ്രസവ വാർഡ്, രണ്ടു പ്രസവശസ്ത്രക്രിയാ മുറികൾ, നവജാത ശിശുപരിചരണ വിഭാഗം എന്നിവ സജ്ജീകരിക്കും.

അഞ്ചാം നിലയിൽ അഞ്ച് ഓപ്പറേഷൻ തീയറ്ററുകൾ, മെഡിക്കൽ, സർജിക്കൽ ഐ.സി.യു, മൂന്ന് അണുവിമുക്ത മുറികൾ എന്നിവയുണ്ടാകും. ആറാം നിലയിൽ ലാബ്, രക്ത ശേഖരണം, ജിംനേഷ്യം, കോൺഫറൻസ് ഹാൾ സൗകര്യങ്ങളാണ് ക്രമീകരിക്കുക. കെട്ടിടത്തിന് പൊതുവായി അഗ്നി ശമനസംവിധാനം, ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്, മഴവെള്ള സംഭരണി എന്നിവയുണ്ട്. നിലവിൽ 185 പ്രവർത്തനക്ഷമമായ കിടക്കകളാണുള്ളത്. പേ വാർഡ് ഉൾപ്പെടെ പുതിയ കെട്ടിടം പൂർത്തിയായി കഴിയുമ്പോൾ കിടക്കാകുളുടെ എണ്ണം 510 ആകും. മാവേലിക്കരയിലെ ആരോഗ്യരംഗത്തു വലിയ മാറ്റങ്ങൾ ഉണ്ടാകുന്നതോടൊപ്പം ജനങ്ങൾക്ക് ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനം ലഭ്യമാകും.



## ഉത്സവ വൈബിൽ ചക്കക്കുട്ടന്മാരും ചാമ്പക്ക കുമാരിമാരും

# ഹിറ്റായി ആലപ്പുഴയിലെ ആരോഗ്യ കലോത്സവം

ആലപ്പുഴ: ചക്ക, മാങ്ങ, പേരയ്ക്ക, ചാമ്പക്ക, കശുമാങ്ങ, തണ്ണിമത്തൻ എന്നിങ്ങനെ 6 വേദികളിലായി ആരോഗ്യ സംബന്ധിയായ 6 മത്സരങ്ങൾ. ചെസ്റ്റ് നമ്പരുകൾ എല്ലാം പഴങ്ങളുടെ ആകൃതിയിൽ, ബ്ലോക്ക് തലത്തിലെ 1500ല്പരം മത്സരാർത്ഥികളിൽ നിന്നും ഒന്നും രണ്ടും സ്ഥാനം നേടിവന്ന 282 വിജയികൾ, മക്കളുടെ പ്രകടനം കാണാൻ ഒഴുകിയെത്തി കുടുംബങ്ങൾ, സമ്മാനം നൽകാൻ കവിയും ഗാനരചയിതാവുമായ ശരത്ചന്ദ്ര വർമ്മ. എല്ലാം ചേരുമ്പടി ചേർന്നപ്പോൾ ആലപ്പുഴയിലെ ആരോഗ്യകലോത്സവം വൻ 'ഹിറ്റ്'. അക്ഷരം ആരോഗ്യം സ്കൂൾ ആരോഗ്യ പരിപാടിയ്ക്ക് ഇതിലും നല്ലൊരു തുടക്കം കിട്ടാനില്ലെന്ന് കവിയുടെ അഭിനന്ദനം.

രാജ്യത്തു തന്നെ ആദ്യമായിട്ടായിരിക്കും കുട്ടികളിൽ ആരോഗ്യ ശീലങ്ങൾ വളർത്താൻ ലക്ഷ്യമിട്ട് ഇത്തരത്തിൽ കലോത്സവം സംഘടിപ്പിക്കപ്പെട്ടത്. ജില്ല എജ്യൂക്കേഷൻ മീഡിയ വിഭാഗത്തിലെ ഡെപ്യൂട്ടി ജില്ല എജ്യൂക്കേഷൻ മീഡിയ ഓഫീസർമാരായ ഡോ. ഐ ചിത്ര, ഡോ. ആർ സേതുനാഥ് എന്നിവരാണ് ഈയൊരു ആശയം മുന്നോട്ടുവെച്ചത്. സംഘാടനത്തിനു ചുക്കാൻ പിടിക്കാൻ ഇവരോടൊപ്പം ആരോഗ്യ കേരളം കൺസൾട്ടന്റ് ആഗ്നൽ ജോസഫും ചേർന്നതോടെകാര്യങ്ങൾ എല്ലാം 'സെറ്റ്'. ഡോ. ചിത്ര രചിച്ച് ഡോ. സേതുനാഥ് സംഗീതം നൽകി, പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലെ ജെ.പി.എച്ച്.എൻ. കെ പുഷ്പലത ആലപിച്ച കലോത്സവ വിളംബരഗാനം കലോത്സവ 'വൈബി'ന്റെ ലെവൽ ഉയർത്തി. ആർ.സി.എച്ച്. ഓഫീസർ ഡോ. പാർവ്വതി പ്രസാദ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ കോശി സി പണിക്കർ, ഡെപ്യുട്ടി ജില്ല മെഡിക്കൽ ഓഫീസർമാരായ ഡോ. ദിലീപ് കുമാർ എസ്.ആർ. ഡോ. അനന്ത് എം എന്നിവരും ജില്ല മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. ജമുന വർഗ്ഗീസും നിർലോഭമായ പിന്തുണയാണ് ഈ നൂതന സംരഭത്തിനു നൽകിയത്.

ജനുവരി 31നായിരുന്നു 12 ബ്ലോക്കുകളിലെയും ആരോഗ്യ കലോത്സവം. 200 സ്കൂളുകളിൽ നിന്നായി 1500ൽ പരം വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും ആവേശപൂർവ്വം മത്സരവേദികളായ സ്കൂളുകളിൽ എത്തിയപ്പോൾ മത്സരങ്ങൾ ആവേശകരമായി. ഇതിലെ വിജയികളാണ് 2026 ഫെബ്രുവരി 7ന്ആലപ്പുഴ കളർകോട് ഗവ. എൽ.പി.സ്കൂളിലെ നടന്ന ജില്ലാതല ആരോഗ്യ കലോത്സവത്തിൽ മാറ്റുരച്ചത്.

കഥാകഥനം, പ്രസംഗം, പ്രച്ഛന്നവേഷം, ചിത്രരചന, പദപ്രശ്നം എന്നീ വ്യക്തിഗത മത്സരങ്ങളും ഏഴ് പേർ അടങ്ങുന്ന അഭിനയഗാനം എന്ന ഗ്രൂപ്പ് ഇനവുമാണ്കലോത്സവത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ മത്സരങ്ങളും ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ്നടത്തിയത്. കുഷ്ഠരോഗിയും ഡോക്ടറും കൊതുകും ഈച്ചയും വവ്വാലുമൊക്കെ പ്രച്ഛന്നവേഷമായി കാണികളുടെ മുന്നിലെത്തി. സമകാലില ആരോഗ്യ വിഷയങ്ങൾ കോർത്തിണക്കിയ പദപ്രശ്നം വേറിട്ടൊരു അനുഭവമായി മാറി. മത്സര വിജയികൾക്കുള്ള സമ്മാനദാനം ഗാനരചയിതാവ് വയലാർ ശരത്ചന്ദ്ര വർമ്മ നിർവഹിച്ചു. വിജയികൾക്കു മാത്രമല്ല, പങ്കെടുത്ത എല്ലാവർക്കും ഉപഹാരമായി മെമെന്റോയും സർട്ടിഫിക്കറ്റും നൽകിയതിനാൽ മത്സരമെന്നതിനേക്കാൾ ഉത്സവലഹരിയിൽ തന്നെ അക്ഷരാർത്ഥത്തിൽ കുട്ടികൾ ആരോഗ്യകലോത്സവത്തിൽ അണിനിരന്നു.




രണ്ടാം ഘട്ട വികസനം

# കോന്നിയിൽ കിഫ്ബിയിലൂടെ 351.72 കോടി

പത്തനംതിട്ട: കിഫ്ബിയിൽ ഉൾപ്പെടുത്തി കോന്നി മെഡിക്കൽ കോളേജിൽ 351.72 കോടി രൂപയുടെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

കിഫ്ബി മുഖാന്തിരം 22.80 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച അക്കാദമിക് ബ്ലോക്ക് ഫേസ് 2 & അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, 16.25 കോടി രൂപ ചിലവഴിച്ചു നിർമ്മിച്ച 40 അപ്പാർട്ട്മെന്റുകൾ ഉള്ള ടൈപ്പ് ഡി ക്വാർട്ടേഴ്സ്, 9.10 കോടി രൂപ ചിലവഴിച്ചു നിർമ്മിച്ച 40 അപ്പാർട്ട്മെന്റുകളുള്ള ടൈപ്പ് ബി ക്വാർട്ടേഴ്സ്, 1.05 കോടി ചിലവഴിച്ച് 2 നിലകളിലായി നിർമ്മിച്ച ഡീൻ വില്ല, 84 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിച്ച 17 കിടക്കകളോട് കൂടിയ മെഡിക്കൽ ഐസിയു തുടങ്ങി 50 കോടി രൂപയുടെ പദ്ധതികൾ 2026 ജനുവരി 17 നാണ് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നാടിന് സമർപ്പിച്ചത്.

ഈ സർക്കാരിന്റെ കാലത്ത് കോന്നി മെഡിക്കൽ കോളേജിന് അംഗീകാരം നേടിയെടുത്തതുൾപ്പെടെ വലിയ വികസന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ടൈപ്പ് എ, സി ക്വാർട്ടേഴ്സുകൾ, ഹോസ്പിറ്റൽ ബ്ലോക്ക് 2, ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. നിലവിൽ 4 ബാച്ചു കളിലായി 400 മെഡിക്കൽ വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ആധുനിക നിലവാരത്തിലുള്ള ചികിത്സയും വിദ്യാഭ്യാസവും ഉറപ്പാക്കാൻ കഴിയുന്ന മികവിന്റെ കേന്ദ്രമായി മാറുകയാണ് കോന്നി മെഡിക്കൽ കോളേജ്.

അത്യാഹിത വിഭാഗത്തിൽ ഓക്സിജൻ സപ്പോർട്ടോടെ 30 കിടക്കകൾ സജ്ജമാക്കി. അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തീയറ്റർ സംവിധാനം ഒരുക്കി. കോളേജ് ബസ് അനുവദിച്ചു. 16.68 ലക്ഷം ചെലവഴിച്ച് പീഡിയാട്രിക് ഐസിയു സജ്ജമാക്കി. ലക്ഷ്യ പദ്ധതി പ്രകാരം 3.5 കോടിയുടെ ലേബർ റൂം സജ്ജമാക്കി. പത്തനംതിട്ടയിൽ 60 സീറ്റോട് കൂടി നഴ്സിംഗ് കോളേജ് ആരംഭിച്ചു. 2.74 കോടി ചെലവഴിച്ച് ബ്ലഡ് ബാങ്ക് യാഥാർത്ഥ്യമാക്കി. 5 കോടി മുതൽ മുടക്കി ജില്ലയിലെ ആദ്യത്തെ അത്യാധുനിക 128 സ്ലൈസ് സി.ടി സ്കാൻ സജ്ജമാക്കി. 13.66 കോടി ചെലവഴിച്ച് ഗേൾസ് ഹോസ്റ്റലും 11.99 കോടി ചെലവഴിച്ച് ബോയ്സ് ഹോസ്റ്റലും സജ്ജമാക്കി. 2023 ഡിസംബറിൽ 38 തസ്തികകൾ കൂടി സൃഷ്ടിച്ചു. ശബരിമല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിച്ചു.



മുഖച്ഛായ മാറും

# കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 30.25 കോടിയുടെ കെട്ടിടം

പത്തനംതിട്ട: കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ കിഫ്ബിയിലൂടെ 30.25 കോടി രൂപ മുതൽമുടക്കിയാണ് ഒ.പി & ഡയഗ്നോസ്റ്റിക് ബ്ലോക്ക് കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയത്. നാല് നിലകളിലായി 5858 സ്ക്വയർ മീറ്റർ വിസ്തീർണ്ണത്തിലാണ് ആധുനിക ആരോഗ്യ സംവിധാനങ്ങളോടെയാണ് പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

ബേസ്മെന്റിൽ ലിമ്പ് സെന്റർ പാർക്കിംഗ് എന്നിവ സജ്ജീകരിച്ചിരിക്കുന്നു. ഗ്രൗണ്ട് ഫ്ലോറിൽ ക്യാഷ്വാലിറ്റി, ഡയഗ്നോസ്റ്റിക്സ്, മൈനർ ഓപ്പറേഷൻ തിയേറ്റർ, ഒ പി കൗണ്ടർ കാസ്പ് കൗണ്ടർ, പ്രൊസീജിയർ മുറി, ലാബ്, ഇ.സി.ജി, സിറ്റി സ്കാൻ, എക്സ്–റേ, ഡെന്റൽ എക്സ്–റേ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഒന്നാം നിലയിൽ ഒ.പി, ഫാർമസി, ലാബ് യു.എസ്.ജി എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം നിലയിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കാന്റീൻ, ട്രെയിനിങ് സെന്റർ, ജ്യോതിസ് സ്റ്റോറും റെക്കോർഡ് റൂം, മീറ്റിംഗ് മുറി എന്നിവയും സജ്ജമാക്കിയിട്ടുണ്ട്.

പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിനോടകം വിവിധ പദ്ധതികൾ നിർമ്മാണം പൂർത്തീകരിച്ചു നാടിന് സമർപ്പിച്ചു. 2.62 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം ആൻഡ് ഓപ്പറേഷൻ തിയേറ്റർ, 1.2 കോടി രൂപ മുതൽ നിർമ്മിച്ച വയോജന വാർഡ്, 1.3 കോടി രൂപ മുതൽ മുടക്കി നിർമ്മിച്ച ഡെഡിക്കേറ്റഡ് ഐ യൂണിറ്റ് എന്നിവ നാടിന് സമർപ്പിച്ചു. സംയോജിത പബ്ലിക് ഹെൽത്ത് ലാബിനായി 1.25 കോടി രൂപ അനുവദിച്ചു നിർമ്മാണം പൂർത്തിയാക്കി. 1.5 കോടി രൂപയുടെ ഹൈടെൻഷൻ വൈദ്യുതി യൂണിറ്റ്, 1 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഒക്സിജൻ പ്ലാന്റ്, ജനറേറ്റർ എന്നിവയും സ്ഥാപിച്ചു.

ജനറൽ മെഡിസിൻ, അനസ്തേഷ്യ, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ജനറൽ സർജറി, ക്യാഷ്വാലിറ്റി, ഡെന്റൽ, പി.എം. ആർ, ഓങ്കോളജി, ഓഫ്താൽമോളജി, ഡെർമറ്റോളജി എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾ ഇവിടെ ലഭ്യമാണ്.

ഇതുകൂടാതെ ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, ഐ.സി.യു ലാബ്, എക്സ്–റേ ഫാർമസി, ഫാർമസി പാലിയേറ്റീവ് യൂണിറ്റ്, ഐ.സി. റ്റി .സി, കൗൺസിലിംഗ്, മെന്റൽ യൂണിറ്റ്, മിഠായി ക്ലിനിക്, ലിമ്പ് സെന്റർ, യു.എസ്. ജി, ഫിസിയോതെറാപ്പി യൂണിറ്റ്, കീമോതെറാപ്പി, ഡയാലിസിസ്, സൈക്കോളജി, മോഡുലർ മെറ്റേണിറ്റി ഓപ്പറേഷൻ തിയേറ്റർ, എൻഡോസ്കോപ്പി എന്നിവയും പ്രവർത്തിക്കുന്നു. ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിടം നാടിന് സമർപ്പിക്കുന്നതോടു കൂടി പുതിയൊരു ചരിത്ര വികസനത്തിനാകും പത്തനംതിട്ട ജില്ല സാക്ഷ്യം വഹിക്കുക.






# വികസന കുതിപ്പിൽ കൊല്ലം ജില്ലാ ആശുപത്രി

കൊല്ലം: കൊല്ലം ജില്ലയുടെ സമഗ്ര ആരോഗ്യവികസനക്കുതിപ്പിന് തിലകക്കുറി ചാർത്തുകയാണ് കൊല്ലം ജില്ലാ ആശുപത്രി. അടിസ്ഥാന സൗകര്യങ്ങൾ അടിമുടി വികസിപ്പിച്ചും അതി നൂതന ചികിത്സ സൗകര്യങ്ങൾ സാധ്യമാക്കിയും, പുതിയ കെട്ടിട സൗകര്യങ്ങൾ സജ്ജമാക്കിയും ആശുപത്രി വികസനം അതിവേഗം സാധ്യമാക്കി. കഴിഞ്ഞ 10 വർഷങ്ങളിലായി ആശുപത്രിയുടെ ആതുര ശുശ്രൂഷ രംഗം മാറ്റങ്ങളുടെ പാതയിലാണ്.

കൊല്ലം ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതി വഴി 143.84 കോടി രൂപയുടെ പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. മൂന്ന് ബ്ലോക്കുകളായാണ് നിർമ്മാണം നടക്കുന്നത്.

**ഡയഗ്നോസ്റ്റിക് ബ്ലോക്ക്:** റേഡിയോളജി & ഇമേജിങ്, ലബോറട്ടറി, ബ്ലഡ് ബാങ്ക്, റേഡിയോളജി, കീമോ ഐപി, ഡോർമിറ്ററി, സൂപ്രണ്ട് & ആർ.എം.ഓ ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടുന്നു.

**വാർഡ് ടവർ:** ജനറൽ ഫാർമസി, സ്റ്റോർ, ലിംബ് സെന്റർ, അഡ്മിഷൻ& രെജിസ്ട്രേഷൻ, വിവിധ സ്പെഷ്യലിറ്റി ഓ. പി. ഡികൾ, ഒ.റ്റി കോംപ്ലക്സ്, സി.എസ്.എസ്.ഡി, എസ്.ഐ.സി യൂ&എം. ഐ.സി.യു, സ്ത്രീകളുടെയും പുരുഷൻമാരുടെയും വാർഡ്, രോഗികൾക്കായുള്ള ഒറ്റ മുറികൾഎന്നിവ ഉൾപ്പെടുന്നു.

**യൂട്ടിലിറ്റി ബ്ലോക്ക്:** മോർച്ചറി,സബ് സ്റ്റേഷൻ,എം.ആർ.എൽ, സൈക്യാട്രി വാർഡ് എന്നിവ ഉൾപ്പെടുന്നു.

## ജില്ലാ ആശുപത്രി പ്രധാന വികസന പ്രവർത്തനങ്ങളിലൂടെ

– NQAS ദേശീയ ഗുണനിലവാരം
– അത്യാധുനിക സൗകര്യങ്ങൾ ഉള്ള മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി
– 537കിടക്കകൾ
– പ്രതിദിനം 4 ഷിഫ്റ്റുകളിലായി 90 രോഗികൾക്ക് ഡയാലിസിസ് ചെയ്യുവാനുള്ള സൗകര്യം

## സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ

കാർഡിയോളജി, ഇന്റെർവെൻഷനൽ കാർഡിയോളജി, ന്യൂറോളജി, യൂറോളജി, ഓങ്കോളജി, നെഫ്രോളജി ഡയാലിസിസ്

**മറ്റ് പ്രധാന വിഭാഗങ്ങൾ:** ജനറൽ മെഡിസിൻ, ജനറൽസർജറി, നേത്രരോഗവിഭാഗം, അസ്ഥിരോഗവിഭാഗം, E N T, ദന്തരോഗവിഭാഗം, ത്വക്ക് രോഗവിഭാഗം, മാനസികാരോഗ്യവിഭാഗം, അനസ്തേഷ്യ, NCD, ശ്വാസകോശരോഗ വിഭാഗം, PMR, ഡി അഡിക്ഷൻ സെന്റർ, ട്രാൻസ്ജെൻഡർ OP – ബുധൻ

## 24×7 അത്യാഹിതവിഭാഗം

ഒരുകോടി 40 ലക്ഷം രൂപ ചിലവിൽ നിർമ്മാണം പുരോഗമിക്കുന്ന ബേൺസ് (പൊള്ളൽ) യൂണിറ്റ്. ICU (മെഡിക്കൽ ICU, സർജിക്കൽ ICU, കാത്ത് ലാബ്)

## മറ്റ് സേവനങ്ങൾ

മുട്ട്മാറ്റിവയ്ക്കൽ, ഇടുപ്പ് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ, ലാപ്രോസ്കോപ്പി സർജറികൾ തുടങ്ങി പ്രതിമാസം 480 ഓളം ശസ്ത്രക്രിയകൾ.

## 24 മണിക്കൂർ എം.ആർ.ഐ, സി.ടി സ്കാൻ സേവനം

ക്യാൻസർ, കീമോ തെറാപ്പി യൂണിറ്റ് – OP , IP , പാലിയേറ്റിവ് സേവനങ്ങൾ, ലിംഫ് ഫൈറ്റിങ് സെന്റർ – കൃത്രിമ കൈകൾ നിർമ്മിച്ച് നൽകുന്നു. അത്യാധുനിക സൗകര്യങ്ങളോട് കൂടി പ്രവർത്തിക്കുന്ന ഓപ്പറേഷൻ തീയറ്റർ. സി.ടി സ്കാൻ, ബേൺസ് യൂണിറ്റ് സൂപ്പർ സ്പെഷ്യാലിറ്റി ക്രിട്ടിക്കൽ കെയർ യൂണിറ്റ് (1 കോടി രൂപ ചിലവിൽ നടക്കുന്ന പ്രവൃത്തികൾ. സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. ഇലെക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടന്നു വരുന്നു).

ഓപ്പറേഷൻ തീയറ്റർ നവീകരണം (കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചിലവിൽ ഓപ്പറേഷൻ തീയറ്റർ നവീകരണ പ്രവൃത്തികൾ നടത്തി)

മൈക്രോ ബയോളജി ലാബ് ഹബ് (25 ലക്ഷം എൻ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു)

360 ഡിഗ്രി മെറ്റബോളിക് ക്ലിനിക് (പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ട് 45 ലക്ഷം രൂപ ഉപയോഗിച്ച് 360 ഡിഗ്രി മെറ്റബോളിക് ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വരുന്നു)

ഇതു കൂടാതെ 24 മണിക്കൂർ പ്രവർത്തിക്കുന്ന കാത്ത് ലാബ് ,എം. ആർ.ഐ സേവനങ്ങളും, ഫോറൻസിക് വിഭാഗം, ഹീമോഫീലിയ ചികിത്സയ്ക്കായി ആശധാര, ഭൂമിക കൗൺസിലിംഗ് (Gender base violence), ഓക്സിജൻ പ്ലാന്റ്, ലബോറട്ടറി, മോഡുലാർ ഫർമസി ആൻഡ് സ്റ്റോർ, ആന്ജിയോപ്ലാസ്റ്റി, അൾട്രാ സൗണ്ട് സ്കാൻ , മാമ്മോഗ്രാം, എക്സ്–റെ, ബ്രോങ്കോസ്കോപ്പി, എക്കോ, ടി.എം. ടി, ഹോർട്ടർ മോണിറ്ററിങ് സംവിധാനം, മൈക്രോ ബയോളജി ലാബ് – ഹബ് ആൻഡ് സ്പോക് മോഡൽ, സംസാര വൈകല്യങ്ങൾ – കാഴ്ച കേൾവി പരിശോധന, ഓഡിയോളജി, ബെറ ടെസ്റ്റ്, 24 മണിക്കൂർ പ്രവർത്തിക്കുന്ന ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, 6 ഫ്രീസറോട് കൂടിയ മോർച്ചറി സംവിധാനം, രോഗികളുടെ കൂട്ടിരിപ്പുകാർക്കും മറ്റുമായി ലൈബ്രറി സൗകര്യത്തോടുകൂടിയ വിശ്രമ സ്ഥലം – ഇളവിടം എന്നിവയും ജില്ലാ ആശുപത്രിയിൽ നൽകിവരുന്നു.



# തകർക്കാനാകാത്ത നേട്ടങ്ങളുമായി ആരോഗ്യ വകുപ്പ്

## വയനാട്

ബത്തേരി താലൂക്ക് ആശുപത്രി – 25 കോടി (നബാർഡ്)
മാനന്തവാടി ജില്ലാ ആശുപത്രി – 45 കോടി (നബാർഡ്)
വൈത്തിരി താലൂക്ക് ആശുപത്രി – 13.43 കോടി
കൽപ്പറ്റ താലൂക്ക് ആശുപത്രി – 9.62 കോടി

## കണ്ണൂർ

കണ്ണൂർ ജില്ലാ ആശുപത്രി – 63.49 കോടി
കൂത്തുപറമ്പ് താലൂക്ക് ആശുപത്രി – 59.23 കോടി (നബാർഡ്)
തളിപ്പറമ്പ് താലൂക്ക് ആശുപത്രി – 19.53 കോടി
പിണറായി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ 25 കോടി (നബാർഡ്)
പേരാവൂർ താലൂക്ക് ആശുപത്രി – 53.77 കോടി
പാനൂർ താലൂക്ക് ആശുപത്രി – 106.2 കോടി
മട്ടന്നൂർ താലൂക്ക് ആശുപത്രി – 99,9 കോടി
പയ്യന്നൂർ താലൂക്ക് ആശുപത്രി – 56.1 കോടി
ഇരിട്ടി താലൂക്ക് ആശുപത്രി – 64.02 കോടി
തലശ്ശേരി ഡബ്ല്യു & സി – 68.96 കോടി

## കാസർഗോഡ്

നീലേശ്വരം താലൂക്ക് ആശുപത്രി – 12.82 കോടി
ഡബ്ല്യു & സി കാഞ്ഞങ്ങാട് 68.96 കോടി
ബേഡടുക്ക താലൂക്ക് ആശുപത്രി – 13.22 കോടി
മംഗലപ്പാടി താലൂക്ക് ആശുപത്രി – 17.47 കോടി
സ്പെഷ്യാലിറ്റി ആശുപത്രി – 23.12 കോടി
കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി കാത്ത് ലാബ് –

## മെഡിക്കൽ കോളേജുകൾ

മെഡിക്കൽ കോളേജ് – 716.51 കോടി
ഐസോലേഷൻ ബ്ലോക്ക് –34.74 കോടി
എസ്.എ.ടി. ആശുപത്രി – 12.38 കോടി
പത്തനംതിട്ട മെഡിക്കൽ കോളേജ് രണ്ടാം ഘട്ടം – 351.72 കോടി
എറണാകുളം മെഡിക്കൽ കോളേജ് – 368 കോടി
തൃശൂർ മെഡിക്കൽ കോളേജ് (ഡബ്ല്യു & സി) – 277.76 കോടി
സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് – 285.54 കോടി
മെഡിക്കൽ കോളേജ് കോട്ടയം സർജിക്കൽ ബ്ലോക്ക് – 564 കോടി
സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് –565 കോടി
കോഴിക്കോട് മെഡിക്കൽ കോളേജ് – 187.5 കോടി
ഐസോലേഷൻ ബ്ലോക്ക് –34.92 കോടി
കണ്ണൂർ മെഡിക്കൽ കോളേജ് – 124.5 കോടി
കാസർഗോഡ് മെഡിക്കൽ കോളേജ് – 160.23 കോടി
ആർ.സി.സി – 242.42 കോടി
കൊച്ചിൻ കാൻസർ സെന്റർ – 354.95 കോടി
മലബാർ കാൻസർ സെന്റർ – 622.24 കോടി
അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് – 183 കോടി
ഓർഗൻ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് – 643.88 കോടി

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
രാഹുൽ കൃഷ്ണ ശർമ്മ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം
സീനിയർ എഡിറ്റർ
ഡോ. രാഹുൽ യു.ആർ
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി
എഡിറ്റർ
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി
മാനേജിംഗ് എഡിറ്റർ
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്
അസിസ്റ്റന്റ് എഡിറ്റർ
ടി സ്മൃതി ലക്ഷ്മി
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
ശ്രേയ കൃഷ്ണ ആർ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
ജിജിൽ മാത്യു
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി
ഡാനി പ്രിയൻ
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ
ദിവ്യ ചേലാട്ട്
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്
വിനു എ
കൺസൾട്ടന്റ് (ഡി&സി), എറണാകുളം
വിനീഷ് സി ആർ
കൺസൾട്ടന്റ് (ഡി&സി), കോട്ടയം
ആഗൽ ജോസഫ്
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ
വർഷ ജയപ്രകാശ്
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം
പ്രീത എം
ജെ.സി (ഡി&സി), പാലക്കാട്
ദിവ്യ ഇ ആർ
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം
ബിൻസി രവീന്ദ്രൻ
ജെ.സി (ഡി&സി), കണ്ണൂർ
കമൽ കെ ജോസഫ്
ജെ.സി (ഡി&സി), കാസറഗോഡ്
നിജിൽ കെ എസ്
ജെ.സി (ഡി&സി), വയനാട്
അജിത് കുമാർ പി എ
ജെ.സി (ഡി&സി), പത്തനംതിട്ട
അശ്വിനി രവീന്ദ്രൻ
ജെ.സി (ഡി&സി), കൊല്ലം
ശ്രീദേവി കെ എസ്
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്




ചികിത്സാ ചെലവിൽ നിന്നും

# എല്ലാ കുടുംബങ്ങളെയും സംരക്ഷിക്കുക ലക്ഷ്യം

തിരുവനന്തപുരം: കേരളത്തിന്റെ ആരോഗ്യ രംഗത്തെ ഭാവിക്കായി 'വിഷൻ 2031 ഫോർ ഹെൽത്ത്' മുതൽക്കൂട്ടാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇത് ആരോഗ്യ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും സാമൂഹ്യ നീതിയുമായി ബന്ധിപ്പിച്ച് ആരോഗ്യ വികസന മാതൃകയെ കൂടുതൽ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യും. ചികിത്സാ ചെലവിൽ നിന്നും എല്ലാ കുടുംബങ്ങളെയും സംരക്ഷിക്കുക എന്നതാണ് വിഷൻ 2031 ലക്ഷ്യം. സാർവത്രിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വിഷൻ 2031 അന്തർദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിന്റെ ആരോഗ്യ മുന്നേറ്റം സാമൂഹിക, നവോത്ഥാന, ഭരണ സംവിധാനത്തിന്റെയും തുടർച്ചയായ ഇടപെടലുകളിലൂടെയാണ് സാധ്യമാക്കിയത്. ഈ കാലഘട്ടത്തിൽ ആരോഗ്യ മേഖലയിൽ വലിയ മുന്നേറ്റമാണുണ്ടായത്. സംസ്ഥാനത്തിന്റെ ശിശുമരണനിരക്ക് അമേരിക്കയേക്കാളും കുറച്ച് അഞ്ചിലെത്തിക്കാൻ സാധിച്ചു. ആരോഗ്യ രംഗത്ത് കേരള പബ്ലിക് ഹെൽത്ത് ആക്ട് നടപ്പിലാക്കി. വാർഷികാരോഗ്യ പരിശോധനയുടെ ഭാഗമായി ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി തുടർ പരിചരണം ഉറപ്പാക്കി. ആരോഗ്യച്ചെലവിൽ കുടുംബങ്ങൾക്ക് വരുന്ന സാമ്പത്തികഭാരം കുറയ്ക്കുന്നതിനുള്ള ഇടപെടലുകൾ തുടരുകയാണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമാണ് കേരളം.

കാൻസർ പ്രതിരോധത്തിനും മുൻകൂട്ടി കണ്ടെത്തുന്നതിനുമായി 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' ക്യാമ്പയിൻ രാജ്യത്ത് തന്നെ ആദ്യമായാണ് നടപ്പിലാക്കുന്നത്. പാലിയേറ്റീവ് കെയർ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തി. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ മിഡിൽ ലെവൽ സർവീസ് പ്രൊവൈഡർമാരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള വയോജനങ്ങൾക്ക് വീടുതോറുമുള്ള സേവനം ആരംഭിച്ചിട്ടുണ്ട്.

എ.എം.ആർ പ്രതിരോധത്തിൽ കേരളം ലോകത്ത് തന്നെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. 100 ആശുപത്രികൾ കൂടി ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാകാൻ സജ്ജമാണ്. ശക്തമായ ബോധവത്ക്കരണത്തിലൂടെ ആന്റിബയോട്ടിക് ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിൽ വിജയകരമായി. അവയവമാറ്റ ശസ്ത്രക്രിയയ്ക്കായുള്ള പ്രത്യേക കേന്ദ്രം ആരംഭിച്ചതും ആരോഗ്യ രംഗത്തെ പുതിയ മുന്നേറ്റമാണ്. ഇന്ത്യയിലെ ആദ്യത്തേതും ലോകത്തെ മൂന്നാമത്തേതുമാണ് കേരളത്തിലെ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ഇൻസ്റ്റിറ്റ്യൂട്ട്.

നിപയും അമീബിക് മെനിഞ്ചോഎൻസഫലൈറ്റിസ് പോലുള്ള രോഗങ്ങളും കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിലും ശ്രദ്ധേയമായ പ്രവർത്തനം നടത്തി. 2023-ലെ നിപാ ബാധയിൽ രേഖപ്പെടുത്തിയ കുറഞ്ഞ മരണനിരക്ക് സംസ്ഥാനത്തിന്റെ ആരോഗ്യ സംവിധാനത്തിന്റെ മികവാണ്.

ആരോഗ്യ ജാഗ്രത കലണ്ടർ ജനുവരി ഒന്നിന് മുഖ്യമന്ത്രി പ്രകാശനം ചെയ്തു. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മൈക്രോപ്ലാൻ തയ്യാറാക്കി പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നത് ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പരിശോധനകളും തുടർ നടപടികളും സ്വീകരിക്കുന്ന സംസ്ഥാനമാണ് കേരളം.

കേരളത്തിന്റെ ആരോഗ്യ രംഗത്തെ സാമൂഹിക പ്രതിബദ്ധതയും ശാസ്ത്രീയ സമീപനവും കൂട്ടിച്ചേർത്ത്, ജനകേന്ദ്രിതവും സ്ഥിരതയുള്ളതുമായ ആരോഗ്യ ഭാവി സൃഷ്ടിക്കുകയാണ് വിഷൻ 2031 ഫോർ ഹെൽത്തിന്റെ ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജിആർ അനിൽ സംസാരിച്ചു. പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. പി.കെ. ജമീല മേഡറേറ്ററായി. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, വനിത ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, ഡോ. ബി. ഇക്ബാൽ, ഡോ. എംവി പിള്ള, ഡോ. സൗമ്യ സ്വാമിനാഥൻ, ഡോ. കല്യാണി രഘുനാഥൻ, ഡോ. ഷകുന്തള ഹരക്സിംഗ് തിൽസ്റ്റഡ്, ആഗസ്റ്റോ വിയാനാ ഡാ റോച്ച, ഡോ. വീണാ ശത്രഘ്ന, ഷാജി സജി വി എന്നിവരും സംസാരിച്ചു.

7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

# കരകുളം കുടുംബാരോഗ്യ കേന്ദ്രം ദേശീയ അംഗീകാര നിറവിൽ




തിരുവനന്തപുരം: സംസ്ഥാനത്തെ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കണ്ണൂർ ചൊക്ലി കുടുംബാരോഗ്യകേന്ദ്രം 91.06 ശതമാനം, മലപ്പുറം താനൂർ നഗര പ്രാഥമികാരോഗ്യ കേന്ദ്രം 93.15 ശതമാനം, കണ്ണൂർ ചാല ജനകീയ ആരോഗ്യകേന്ദ്രം 93.91 ശതമാനം, തിരുവനന്തപുരം കാച്ചാണി ജനകീയ ആരോഗ്യകേന്ദ്രം 93.08 ശതമാനം, തിരുവനന്തപുരം കരകുളം ജനകീയ ആരോഗ്യകേന്ദ്രം 91.73 ശതമാനം, തിരുവനന്തപുരം കരകുളം മെയിൻ സെന്റർ ജനകീയ ആരോഗ്യകേന്ദ്രം 91.85 ശതമാനം, ആലപ്പുഴ പാണാവള്ളി ജനകീയ ആരോഗ്യകേന്ദ്രം 93.04 ശതമാനം എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചത്.

ഇതോടെ സംസ്ഥാനത്തെ ആകെ 309 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 51 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 177 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 50 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

### കരകുളം കുടുംബാരോഗ്യ കേന്ദ്രം ദേശീയ അംഗീകാര നിറവിൽ

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.ക്യു.എ.എസ്. നേടി. ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളും ഒരുമിച്ച് ദേശീയ നിലവാരത്തിലെത്തുന്നത് ഇതാദ്യമായാണ്. അടുത്തിടെ കരകുളം കുടുംബാരോഗ്യ കേന്ദ്രത്തിന് എൻ.ക്യു.എ.എസ്. പുനഃഅംഗീകാരം ലഭിച്ചിരുന്നു. ഈ കേന്ദ്രത്തിന് കീഴിലെ കാച്ചാണി, കരകുളം, കരകുളം മെയിൻ സെന്റർ, ചിറ്റാഴ, കല്ലയം, ഏണിക്കര എന്നീ എന്നീ 6 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്.

സംസ്ഥാനത്തെ കൂടുതൽ ആരോഗ്യ സ്ഥാപനങ്ങളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്താൻ മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം നടപടി സ്വീകരിച്ചിരുന്നു. ഇതനുസരിച്ച് കരകുളം കുടുംബാരോഗ്യ കേന്ദ്രം വലിയ പ്രവർത്തനങ്ങൾ നടത്തി. എൻക്യുഎസ് മാനദണ്ഡ പ്രകാരം അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ജീവനക്കാർ, ആശാ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർക്ക് പ്രത്യേക പരിശീലനങ്ങൾ നൽകുകയും ചെയ്തു. പ്രതിമാസം കൃത്യമായ അസസ്മെന്റുകൾ നടത്തുകയും കണ്ടെത്തിയ പോരായ്മകൾ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്തു.

കരകുളം കുടുംബാരോഗ്യ കേന്ദ്രത്തിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് ഒ.പി. സമയം. അത്യാധുനിക ലാബ് സൗകര്യങ്ങളും ഫിസിയോതെറാപ്പി യൂണിറ്റും ഇവിടെ ലഭ്യമാണ്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ, ജീവിതശൈലി രോഗ നിർണയം, ബോധവൽക്കരണ പരിപാടികൾ എന്നിവ കൃത്യമായി നടപ്പിലാക്കുന്നു. വീടുകളിൽ നേരിട്ട് സന്ദർശനം നടത്തി മികച്ച പരിചരണവും മരുന്ന് വിതരണവും ഉറപ്പാക്കുന്ന സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ദേശീയ നിലവാരത്തിലേക്ക് ഉയർന്ന കരകുളം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേട്ടം ആരോഗ്യ രംഗത്ത് മറ്റുള്ളവയ്ക്കും മാതൃകയാണ്. അഭിമാന നേട്ടത്തിന് പിന്നിൽ കൂട്ടായി പ്രവർത്തിച്ച എല്ലാ ടീം അംഗങ്ങളേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.



# രാഹുൽ കൃഷ്ണ ശർമ്മ എൻ എച്ച് എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ



തിരുവനന്തപുരം: നാഷണൽ ഹെൽത്ത്മിഷന്റെ സംസ്ഥാന മിഷൻ ഡയറക്ടറായി രാഹുൽ കൃഷ്ണ ശർമ്മ ഐ.എ.എസ്. ചുമതലയേറ്റു. 2019 ഐ.എ.എസ്. ബാച്ചുകാരനായ ഇദ്ദേഹം ആരോഗ്യ, കുടുംബക്ഷേമവകുപ്പ് ജോയിന്റ് സെക്രട്ടറി കൂടിയാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സ്മാർട്ട് സിറ്റി തിരുവനന്തപുരം, പ്രൊജക്ട് ഡയറക്ടർ, ഇ-ഹെൽത്ത്, സ്പെഷ്യൽ ഓഫീസർ, കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ ചുമതലകളും വഹിക്കുന്നു. അലഹബാദ് മോത്തിലാൽ നെഹ്റു നാഷണൽ ഇൻസ്റ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബി.ടെക് ബിരുദം നേടിയ രാഹുൽ കൃഷ്ണ ശർമ യു.പി ഗോരഖ്പൂർ സ്വദേശിയാണ്.




# ചരിത്രത്തിൽ ഇടം പിടിക്കുന്ന പദ്ധതിയാണ് 'അക്ഷരം ആരോഗ്യം': മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: ചരിത്രത്തിൽ ഇടം പിടിക്കുന്ന പദ്ധതിയാണ് 'അക്ഷരം ആരോഗ്യം' എന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കുട്ടികൾ സ്വപ്നങ്ങളിലേക്ക് എത്തപ്പെടണമെങ്കിൽ അധ്വാനിക്കണമെന്നും അതിന് മികച്ച ആരോഗ്യം അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. കുട്ടികളുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിയുടെ ലോഗോ പ്രകാശനവും ആരോഗ്യ വകുപ്പ് മന്ത്രി നിർവഹിച്ചു. കുട്ടികൾക്ക് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പർ 104 ന്റെ ഔദ്യോഗിക ഉദ്ഘാടനവും നിർവഹിച്ചു.

അക്ഷരത്തോടൊപ്പം ആരോഗ്യവും ചേരുമ്പോഴാണ് ഒരു വിദ്യാർത്ഥിയുടെ വ്യക്തിത്വം പൂർണ്ണമാകുന്നത് എന്ന് അധ്യക്ഷത വഹിച്ച വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അഭിപ്രായപ്പെട്ടു. പഠനകാര്യങ്ങളിൽ മാത്രമല്ല കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ കാര്യങ്ങളിൽ പോലും സർക്കാർ ശ്രദ്ധിക്കുന്നു എന്നുള്ളതിന് തെളിവാണ് ഈ പദ്ധതിയെന്ന് വിദ്യാഭ്യാസ മന്ത്രി പറഞ്ഞു.

പരിപാടിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും ആരോഗ്യ പരിശോധനക്ക് ശേഷം നൽകുന്ന ഹെൽത്ത് കാർഡ് പ്രകാശനം വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും ആൻ സണ്ണി, ആശ്രയ കാതറിൻ എന്നീ വിദ്യാർത്ഥികൾ ഏറ്റുവാങ്ങിക്കൊണ്ട് നിർവഹിച്ചു.

കുട്ടികളിലെ വളർച്ച വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിനു വേണ്ടിയുള്ള ഡിസ്ട്രിക്ട് ഏർളി ഇൻറർവെൻഷൻ സെന്ററിന്റെ വിജയകരമായ പത്തുവർഷത്തെ മുൻനിർത്തിയുള്ള സുവനീർ 'ആകാശത്തിനു മുകളിൽ പറന്ന പൂമ്പാറ്റകൾ' ആരോഗ്യവകുപ്പ് മന്ത്രി വിദ്യാഭ്യാസ മന്ത്രിയിൽനിന്നു ഏറ്റുവാങ്ങി.

എൻ. സി. ഇ. ആർടിയും എൻ.പി.ഇ.പിയും സംയുക്തമായി നടപ്പാക്കുന്ന ഗോത്രായനം പദ്ധതിയുടെ ഭാഗമായി പുറത്തിറക്കിയ 20 പെൺ കവിതകളും കഥകളും വിദ്യാഭ്യാസ മന്ത്രി പ്രകാശനം ചെയ്തു

ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീന കെ ജെ സ്വാഗതം ആശംസിച്ച ചടങ്ങിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ എൻ. എസ്. കെ ഉമേഷ് ഐ.എ.എസ് മുഖ്യാതിഥിയായിരുന്നു. പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ജനറൽ ഷിബു ആർ. എസ്, തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടർ ശ്രീജ ഗോപിനാഥ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ ബിന്ദു മോഹൻ, അഡീഷണൽ ഡയറക്ടർ (കുടുംബ ക്ഷേമം) ഡോ. മീനാക്ഷി, ആരോഗ്യ കേരളം തിരുവനന്തപുരം പ്രോഗ്രാം മാനേജർ അനോജ് എസ് എന്നിവർ സംസാരിച്ചു.



## നെടുമങ്ങാട് ജില്ലാ ആശുപത്രി

# 5000 നേത്രശസ്ത്രക്രിയകൾ പൂർത്തിയാക്കി



തിരുവനന്തപുരം: നേത്രരോഗ വിഭാഗത്തിൽ പുതിയ നേട്ടങ്ങൾ എഴുതിച്ചേർക്കുകയാണ് നെടുമങ്ങാട് ജില്ലാ ആശുപത്രി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും ഗുണമേന്മയുള്ള നേത്രചികിത്സ സാധ്യമാക്കിയ നെടുമങ്ങാട് ആശുപത്രിയിൽ കഴിഞ്ഞ ദിവസം പൂർത്തിയാക്കിയത് 5000 നേത്രരോഗ ശസ്ത്രക്രിയകൾ. കഴിഞ്ഞ നാല് വർഷത്തിനിടെയാണ് സംസ്ഥാനത്തുതന്നെ റെക്കോഡ് നേട്ടമായ് ഇത്രയും ശസ്ത്രക്രിയകൾ നടത്തിയത്. നേത്രരോഗ വിദഗ്ധൻ ഡോ. ദീപ്തിലാലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഈ വിജയനേട്ടം കൈവരിച്ചത്.

ശാസ്തമംഗലം സ്വദേശിനി രാഗലതികയ്ക്ക് (70) ശസ്ത്രക്രിയ നടത്തിക്കൊണ്ടാണ് 5000 എണ്ണം പൂർത്തിയാക്കിയത്. ആരോഗ്യ മേഖലയിൽ കഴിഞ്ഞ രണ്ടു വർഷമായി ഏറ്റവും കൂടുതൽ തിമിര ശസ്ത്രക്രിയകൾ നടത്തിയതും ഡോ. ദീപ്തിലാൽ ആണ്. ഈ മികവ് പരിഗണിച്ച് 2024–ലെ കെ.ജി.എം.ഒ.എ. സ്പെഷ്യാലിറ്റി കേഡറിലെ മികച്ച ഡോക്ടർക്കുള്ള പുരസ്കാരവും ഡോ. ദീപ്തിലാലിനു ലഭിച്ചിരുന്നു. വേദനയോ മുറിവോ ഇല്ലാത്ത 'ടോപ്പിക്കൽ ഫേക്കോ' ശസ്ത്രക്രിയയാണ് ഇവിടെ പ്രധാനമായും ചെയ്യുന്നത്. ഇഞ്ചെക്ഷൻപോലും ആവശ്യമില്ലാത്ത രീതിയിലൂടെ മാസം നൂറിലധികം ശസ്ത്രക്രിയകൾ ഇവിടെ നടന്നുവരുന്നു. പ്രതിമാസം 3000ത്തോളം പേർ ഒ.പി. വി ഭാഗത്തിൽ ചികിത്സ തേടുന്നുണ്ട്.

തിമിര ശസ്ത്രക്രിയയ്ക്കു പുറമേ പ്രമേഹ രോഗികൾക്കുള്ള ലേസർ ചികിത്സ, ഇൻട്രാവിട്രിയൽ ഇൻജക്ഷൻ, ഗ്ലോക്കോമ ചികിത്സ എന്നിവയും ഇവിടെയുണ്ട്. വ്യക്തിപരമായ വിജയമല്ല ആത്മാർത്ഥമായ ഒരു ടീമിന്റെ ഫലമാണ് ഈ നേട്ടമെന്ന് ഡോ. ദീപ്തിലാൽ പറയുന്നു.



# ഹെൽത്തിയാണ് കേരളം



ആന്റിബയോട്ടിക് സാക്ഷരതയിലേക്ക്
125 ആശുപത്രികളിൽ ഡയാലിസിസ്
പ്രതിവർഷം 7,68,000 ഡയാലിസിസ്
ദശാബ്ദത്തിന്റെ നേട്ടങ്ങൾ
ആരോഗ്യ വകുപ്പിന് കേരള ഹെൽത്ത് പോർട്ടൽ
https://health.kerala.gov.in
1060 പുതിയ സർക്കാർ നഴ്സിംഗ് സീറ്റുകൾ
5416 ജനകീയാരോഗ്യ കേന്ദ്രങ്ങൾ
1300 സർക്കാർ ലാബുകൾ
എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ
കുറഞ്ഞ ശിശു മരണനിരക്ക്
12 ൽ നിന്നും 5 ആയി കുറഞ്ഞു
എല്ലാ ജില്ലകളിലും കാത്ത് ലാബ് സൗകര്യം
സൗജന്യ ചികിത്സ
സർക്കാർ ആശുപത്രികളിലും അവയവമാറ്റം
Spinal Muscular Atrophy
115 കുട്ടികൾക്ക് അപൂർവ്വ രോഗങ്ങൾക്കുള്ള സൗജന്യ മരുന്ന്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ
ദശാബ്ദത്തിന്റെ നേട്ടങ്ങൾ
Kerala HEALTH
നാടിന്റെ പോരാളികളെ ചേർത്തു പിടിച്ച സുവർണ്ണകാലം
2016 ന് മുമ്പ് 1000 രൂപയായിരുന്നത് പടിപടിയായി 9000 രൂപയായി ഉയർത്തി
പൂർണ്ണമായും സംസ്ഥാന സർക്കാർ വിഹിതം
26,125 ആശമാർക്ക്
9000
രൂപ ഓണറേറിയം
ഓണറേറിയം – ₹9000 (സംസ്ഥാനം)
ആശ ഇൻസെന്റീവ് – ₹5000 (60% കേന്ദ്രം, 40% സംസ്ഥാനം)
ആകെ തുക – ₹14000
ഹെൽത്തിയാണ് കേരളം
309 സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം
മാതൃ മരണ നിരക്ക് 46ൽ നിന്ന് 30 ആയി കുറഞ്ഞു
ആർദ്രം 779 കുടുംബാരോഗ്യ കേന്ദ്രങ്ങൾ